I.ഇ.ബി. XIIകേരള നിയമസഭ/XI-21

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2009 ജൂലായ് 23, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ശ്രദ്ധ ക്ഷണിക്കൽ**

(1) പുതിയാപ്പ മത്സ്യബന്ധന തുറമുഖത്തിന്റെ ആധുനികവത്കരണം

ശ്രീ. എ.കെ. ശശീന്ദ്രൻ: 9 കോടി 62 ലക്ഷം രൂപ ചെലവഴിച്ച് 250 ബോട്ടുകൾ പ്രവർത്തിക്കുന്നതിന് സൗകര്യമൊരുക്കിക്കൊണ്ട് നിർമ്മിച്ച കോഴിക്കോട് ജില്ലയിലെ പുതിയാപ്പ മത്സ്യബന്ധന തുറമുഖം ഇന്ന് പ്രതിസന്ധിയെ നേരിടുകയാണ്. അവിടെ യാതൊരുവിധ നവീകരണ പ്രവർത്തനവും ഇപ്പോൾ നടക്കുന്നില്ല. ഡ്രെഡ്ജിംഗിനുള്ള സ്ഥിരം സംവിധാനം ഏർപ്പെടുത്തുകയോ പുലിമുട്ട് നിർമ്മിക്കുകയോ ചെയ്യാത്തതിനാൽ തൊഴിലാളികൾ ഇന്ന് ഭീതിയിലാണ്. റോഡുകൾ ശക്തിപ്പെടുത്തുന്ന കാര്യത്തിലും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. 2009-ൽ 99.36 ലക്ഷംരൂപയുടെ റവന്യൂ വരുമാനം ഇവിടെനിന്നും ലഭിച്ചിട്ടുണ്ട്. തങ്കശ്ശേരി കഴിഞ്ഞാൽ ഏറ്റവും കൂടുതൽ വരുമാനമുണ്ടാക്കുന്ന പ്രസ്തുത

തുറമുഖത്തിന്റെ വർദ്ധിച്ചുവരുന്ന ആവശ്യം പരിഗണിച്ച് നവീകരണ പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാർ 5 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ട് വർഷങ്ങളായിയെങ്കിലും ഇതുവരെ യാതൊരു തുടർനടപടികളും ഉണ്ടായിട്ടില്ല. 9 കോടി രൂപയുടെ വിപുലമായ പദ്ധതി ആവിഷ്ക്കരിച്ച് നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ പരിഗണനയ്ക്കായും സമർപ്പിച്ചിട്ടുണ്ട്. ഡ്രെഡ്ജിംഗിനുള്ള സ്ഥിരം സംവിധാനം ഏർപ്പെടുത്തിയും പുലിമുട്ട് നിർമ്മാണം നടത്തിയും ഈ തുറമുഖം ആധുനികവത്കരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): 1996-ൽ എല്ലാ സൗകര്യങ്ങളും ഒരുക്കിക്കൊണ്ടാണ് പുതിയാപ്പ തുറമുഖം കമ്മിഷൻ ചെയ്തിട്ടുള്ളത്. 660 മീറ്ററും 510 മീറ്ററും നീളമുള്ള രണ്ട് പുലിമുട്ടുകൾ, വാർഫ്, ലേല ഹാൾ അടക്കമുള്ള മറ്റിതര സൗകര്യങ്ങളും ഈ ഹാർബറിൽ നിലവിലുണ്ട്. പ്രസ്തുത ഫിഷിംഗ് ഹാർബർ കമ്മിഷൻ ചെയ്തതോടുകൂടി മത്സ്യബന്ധനത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടാകുകയും തൊഴിലാളികളുടെ ജീവിത നിലവാരത്തിൽ കാതലായ മാറ്റം വരികയും ചെയ്തിട്ടുണ്ട്. സുനാമി എമർജൻസി അസിസ്റ്റന്റ്സ് പ്രോജക്ടിൽപ്പെടുത്തി പുലിമുട്ട് റിപ്പെയർ, വാർഫ് റിപ്പെയർ, അപ്രോച്ച് ചാനലിന്റെ ഡ്രെഡ്ജിംഗ് എന്നിവയ്ക്കായി 233 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളും ഹൈജീനിക് ഇമ്പ്രൂവ്മെന്റ് സ്കീമിൽപ്പെടുത്തി 23 1/2 ലക്ഷം രൂപയുടെ ലേല ഹാളിന്റെ നവീകരണ പ്രവർത്തനങ്ങളും പൂർത്തിയായിട്ടുണ്ട്. സുനാമി പുനരധിവാസ സ്കീമിൽപ്പെടുത്തി 3 കോടി രൂപയുടെ മാസ്റ്റർ ഡ്രെഡ്ജിംഗ് നടപടികൾ പുരോഗമിച്ചുവരികയാണ്.

ഹാർബറിന്റെ രണ്ടാംഘട്ട വികസനത്തിനായി 5 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര കൃഷി വകുപ്പുമന്ത്രിക്ക് 2008-ൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രോജക്ട് വിപുലീകരിച്ച് 8 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി ഹാർബർ എഞ്ചിനീയറിംഗ് ചീഫ് എഞ്ചിനീയർ മുഖേന 2009-ൽ നാഷണൽ ഫിഷറീസ് ഡെവപല്മെന്റ് ബോർഡിന് സമർപ്പിക്കുകയും കേന്ദ്ര കൃഷി മന്ത്രാലയത്തിനു കീഴിലുള്ള സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റൽ എഞ്ചിനീയറിംഗ് ഫോർ ഫിഷറീസ് എന്ന സ്ഥാപനത്തിലെ വിദഗ്ദ്ധ സംഘത്തിന്റെ നിർദ്ദേശാനുസരണം പ്രോജക്ട് റിപ്പോർട്ട് പുതുക്കി നൽകുകയും ചെയ്തിട്ടുണ്ട്. വാർഫിന്റേയും ലേല ഹാളിന്റേയും നിർമ്മാണം, പാർക്കിംഗ് ഏരിയ വിപുലീകരിക്കൽ, ഡ്രെയ്നേജ്/കുടിവെള്ള സൗകര്യം ഏർപ്പെടുത്തൽ, ഇലക്ട്രിഫിക്കേഷൻ എന്നീ കാര്യങ്ങൾക്കായി സമർപ്പിച്ചിട്ടുള്ള 8 കോടി രൂപയുടെ പദ്ധതി നേടിയെടുക്കുന്നതിന് ഗവൺമെന്റ് ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. പുലിമുട്ട് നിർമ്മാണം സംബന്ധിച്ച് ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റിനോട് പഠനം നടത്തി ഒരു മാസത്തിനകം റിപ്പോർട്ട് നൽകാൻ ആവശ്യപ്പെടുന്നതാണ്.

(2) <u>കേന്ദ്ര വനാവകാശ നിയമപ്രകാരം കൈവശഭൂമി പതിച്ചുനൽകൽ</u>

<u>ശ്രീ. കെ.സി. കുഞ്ഞിരാമൻ</u>: വനഭൂമിയിൽ താമസിക്കുന്ന ആദിവാസികൾക്ക് കേന്ദ്ര വനാവകാശ നിയമ പ്രകാരം കൈവശഭൂമി പതിച്ചുനൽകുന്നതിനും ഭൂരഹിതരായ ആദിവാസികൾക്ക് ഒരേക്കറിൽ കുറയാത്ത ഭൂമി വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കണം. ആദിവാസികൾക്ക് ഭൂമി നൽകുന്നതിനായി വിവിധ കാലഘട്ടങ്ങളിൽ നിയമം കൊണ്ടുവന്നിട്ടുണ്ടെങ്കിലും അത് കാര്യക്ഷമമായി നടപ്പിലാക്കുന്നതിന്

കഴിഞ്ഞിട്ടില്ല. ട്രൈബൽ പുനരധിവാസ മിഷന്റെ കണക്ക് പ്രകാരം 56,000 ഭൂരഹിതരായ ആദിവാസി കുടുംബങ്ങൾ സംസ്ഥാനത്തുണ്ട്. പത്തു വർഷത്തിനിടയ്ക്ക് കുറെ ഭൂമി വിതരണം ചെയ്തുവെങ്കിലും ആ ഭൂമിയിൽ അവരെ താമസിപ്പിക്കുന്നതിനുവേണ്ടിയുള്ള പദ്ധതി ആവിഷ്ക്കരിക്കാൻ കഴിഞ്ഞിട്ടില്ല. ട്രൈബൽ പുനരധിവാസ മിഷന്റെ പ്രവർത്തനം ശക്തിപ്പെടുത്തണം. സംസ്ഥാനത്ത് വനത്തിനുള്ളിൽ താമസിക്കുന്ന 20,000-ത്തോളം വരുന്ന ആദിവാസി കുടുംബങ്ങൾ യാതൊരു താമസരേഖയും ഇല്ലാത്തതിന്റെ പേരിൽ വനം വകുപ്പിന്റെ പീഡനങ്ങൾക്ക് ഇരയാകേണ്ടിവരുന്നുണ്ട്. 2006-ലെ കേന്ദ്ര വനാവകാശ നിയമ പ്രകാരം വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസികൾക്ക് വനഭൂമി പതിച്ചുനൽകാൻ മുൻകൈയെടുത്തിട്ടുണ്ട്. വനാവകാശ നിയമം എത്രയും പെട്ടെന്ന് നടപ്പിലാക്കുന്നതിനും കുറഞ്ഞത് ഒരു ഏക്കർ ഭൂമിയെങ്കിലും നൽകുന്നതിനുമുള്ള നയപരമായ തീരുമാനമെടുക്കണം. വയനാട് ജില്ലയിലെ ആദിവാസികൾക്ക് രണ്ടും മൂന്നും സെന്റ് തുണ്ട് ഭൂമി വിതണം ചെയ്തത് വനാവകാശ നിയമത്തിന്റെ ലംഘനമാണ്. ഭൂമി പ്രശ്നവുമായി ബന്ധപ്പെട്ട് ആദിവാസി ക്ഷേമസമിതിയുടെ നേതൃത്വത്തിൽ വയനാട് കളക്ടറേറ്റിനു മുന്നിൽ ആദിവാസികൾ ഇന്ന് നിരാഹാര സമരം നടത്തുകയാണ്. ഈ പ്രശ്നം സമയബന്ധിതമായി പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): പട്ടികഗോത്ര വർഗ്ഗങ്ങളും മറ്റ് പരമ്പരാഗത വനവാസി (വനാവകാശം അംഗീകരിക്കൽ) ആക്ട് 2006 അനുസരിച്ച് ആദിവാസി സമൂഹത്തിന് ഭൂമി നൽകുന്നതിന്

റവന്യൂ, പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം, വനം എന്നീ വകുപ്പുകളുടെ നേതൃത്വത്തിൽ ഊർജ്ജിതമായ നടപടികൾ കൈക്കൊണ്ടുവരികയാണ്. അതനുസരിച്ച് ആലപ്പുഴ ജില്ല ഒഴികെയുള്ള എല്ലാ ജില്ലകളിലും വനാവകാശ കമ്മിറ്റികൾ രൂപീകരിച്ച് തുടർ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ആദിവാസി കൾക്ക് നൽകാനുള്ള ഭൂമി കണ്ടെത്തുന്നതിനുള്ള സർവ്വേ പ്രവർത്തനങ്ങൾ ഭൂമികേരളം പദ്ധതിയിൽപ്പെടുത്തി പൂർത്തിയാക്കുന്നതാണ്. പട്ടിക ജാതി/പട്ടികവർഗ്ഗക്ഷേമ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ വനം-റവന്യൂ വകുപ്പുമന്ത്രിമാരും ചേർന്ന് ഒരു ഹൈലെവൽ കമ്മിറ്റിയും ചീഫ് സെക്രട്ടറി യുടെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥതല കമ്മിറ്റിയും ആവശ്യമായ തീരുമാ നങ്ങൾ എടുക്കുന്നുണ്ട്. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗ ത്തിലും ജില്ലാ കളക്ടർമാരുടെ യോഗങ്ങളിലും പ്രവർത്തനം വിലയിരുത്തു ന്നുണ്ട്. വയനാട് ജില്ലയിൽ മിനിമം ഒരേക്കർ ഭൂമിയെങ്കിലും ആദിവാസി കുടുംബങ്ങൾക്ക് ഉറപ്പുവരുത്തണം. 4000 ആദിവാസി കുടുംബങ്ങൾക്ക് ഒരേക്കറോളം ഭൂമി പതിച്ചുനൽകാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

**സബ്മിഷൻ**

(1) പാഠപുസ്തകത്തിലെ അപാകത

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: പാഠപുസ്തക വിവാദത്തെക്കുറിച്ച് പഠിക്കുന്നതിന് നിയോഗിച്ച കെ.എൻ. പണിക്കർ കമ്മിറ്റി റിപ്പോർട്ടിൽ 7-ാം ക്ലാസ്സിലെ സാമൂഹ്യശാസ്ത്ര പാഠപുസ്തകത്തിൽ പൊതുവേ മാറ്റം വേണ്ടെന്നും ചില പാഠഭാഗങ്ങൾ മാറ്റി ജവഹർലാൽ നെഹ്റു, ശ്രീനാരായണ ഗുരു എന്നിവരുടെ ഉദ്ധരണികൾ ഉൾപ്പെടുത്തണമെന്നും പറഞ്ഞിട്ടുണ്ട്. 2008 -ലെ ഏഴാം ക്ലാസ്സ് സാമൂഹ്യശാസ്ത്രപാഠപുസ്തകത്തിൽ ഉണ്ടായിരുന്ന സ്വാതന്ത്ര്യസമരത്തെക്കുറിച്ചുള്ള പാഠഭാഗങ്ങളും മഹാത്മാഗാന്ധിയുടെ

ചിത്രവും ജവഹർലാൽ നെഹ്റു 1952-ൽ ഇന്ത്യൻ പാർലമെന്റിൽ നടത്തിയ പ്രസംഗവും ഒക്കെ 2009-ലെ പാഠപുസ്തകത്തിൽ ഒഴിവാക്കുകയും കയ്യൂർ-കരുവള്ളൂർ സമരം, എ.കെ.ജി.യുടെ ജീവചരിത്രം തുടങ്ങിയവ ചേർക്കുകയും ചെയ്തിട്ടുണ്ട്. സാമൂഹ്യമാറ്റത്തെക്കുറിച്ച് തെറ്റായ വിവരങ്ങളും രേഖപ്പെടുത്തിയിരിക്കുകയാണ്. അപാകതകൾ ഒഴിവാക്കി പാഠപുസ്തകം പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): കഴിഞ്ഞ വർഷം 7-ാം ക്ലാസ്സിലെ പാഠ പുസ്തകം വിവാദമായപ്പോൾ രൂപീകരിച്ച എക്സ്പേർട്ട് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ടാണ് പുതിയ പാഠ പുസ്തകം തയ്യാറാക്കുകയും അതിൽ വീണ്ടും ചില മാറ്റങ്ങൾ വരുത്തി ഈ വർഷം പുറത്തിറക്കുകയും ചെയ്തത്. കഴിഞ്ഞ വർഷം 1, 3, 5, 7 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളും ഇക്കൊല്ലം 2, 4, 6, 8 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളുമാണ് മാറ്റം വരുത്തിയിട്ടുള്ളത്. എൻ.സി.ഇ.ആർ.ടി. തയ്യാറാക്കിയ 7-ാം ക്ലാസ്സിലെ പാഠപുസ്തകത്തിലെ ഒരു അദ്ധ്യായത്തിലും സ്വാതന്ത്ര്യ സമരത്തെക്കുറിച്ചുള്ള പരാമർശമില്ലെങ്കിലും സാമൂഹ്യ മാറ്റത്തെക്കുറിച്ചുള്ള സൂചനകളും വിശദാംശങ്ങളും മഹാത്മാഗാന്ധിയുടെ 'എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ' എന്ന ആത്മകഥയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. അപാകതകളുണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചാൽ അത് ക്രിയാത്മകമായി പരിശോധിച്ച് ആവശ്യമായ ഭേദഗതി വരുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻചാണ്ടി): ഏഴാം ക്ലാസ്സിലെ സാമൂഹ്യ ശാസ്ത്ര പുസ്തകത്തിൽനിന്നും സ്വാതന്ത്ര്യ സമര ചരിത്രമുൾപ്പെടെയുള്ള പ്രധാനപ്പെട്ട പാഠഭാഗങ്ങൾ എടുത്തുകളഞ്ഞത് പുതിയ തലമുറയോട് കാണിക്കുന്ന അനീതിയാണ്. പാഠപുസ്തകം പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച് തീരുമാനിക്കുന്ന കരിക്കുലം കമ്മിറ്റിയിലെ അംഗങ്ങളെ തീരുമാനിച്ചിരിക്കുന്നതും ഏകപക്ഷീയമായിട്ടാണ്. കേരളത്തിലെ വിദ്യാഭ്യാസ രംഗമാകെ താറുമാറായിരിക്കുകയാണ്. സ്വാതന്ത്ര്യ സമര ചരിത്രം വിദ്യാർത്ഥികൾ പഠിക്കേണ്ടെന്നുള്ള ഗവൺമെന്റിന്റെ നിലപാട് ശരിയല്ല. ഇതിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികൾ ഒന്നടങ്കം സഭയിൽനിന്നും പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചു വരികയും ചെയ്തു.)

(2) നോർക്ക വഴി സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റ് ചെയ്യൽ

ശ്രീ. മഞ്ഞളാംകുഴി അലി: നോർക്ക വഴി സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റ് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും അറ്റസ്റ്റേഷൻ ഫീസ് 500 രൂപയെന്നുള്ളത് 250 രൂപയാക്കി കുറയ്ക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): വിദേശത്ത് ജോലി തേടി പോകുന്ന ഉദ്യോഗാർത്ഥികളുടെ വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിനായി നോർക്കയുടെ കീഴിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലായി മൂന്ന് പ്രാദേശിക സാക്ഷ്യപ്പെടുത്തൽ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. കേരളത്തിലെ സർക്കാർ അംഗീകൃത സർവ്വകലാശാലകൾ, ബോർഡുകൾ, കൗൺസിലുകൾ എന്നീ സ്ഥാപനങ്ങ

ളിൽ നിന്നുള്ള സർട്ടിഫിക്കറ്റുകളാണ് സാക്ഷ്യപ്പെടുത്തി നൽകുന്നത്. നോർക്ക വഴി സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിന് ലഘുവായ നടപടിക്രമങ്ങളാണ് ഇപ്പോൾ നിലവിലുള്ളത്. ഏത് സർട്ടിഫിക്കറ്റാണോ സാക്ഷ്യപ്പെടുത്തുന്നത് പ്രസ്തുത സർട്ടിഫിക്കറ്റുകളുടെ ഒറിജിനലും പകർപ്പും കൂടാതെ സെമസ്റ്റർ തിരിച്ചുള്ള എല്ലാ മാർക്ക്ലിസ്റ്റുകളുടേയും ഒറിജിനലും പകർപ്പും, പാസ്പോർട്ട് അഡ്രസ്സ് പേജ്, ഫോട്ടോ പേജ്, പത്താം ക്ലാസ്സ് സർട്ടിഫിക്കറ്റ് എന്നിവയുടെ ഒറിജിനലും പകർപ്പും ഹാജരാക്കുന്ന എല്ലാ ഉദ്യോഗാർത്ഥികൾക്കും ആധികാരികതയിൽ സംശയം തോന്നാത്ത പക്ഷം അതാതു ദിവസംതന്നെ സാക്ഷ്യപ്പെടുത്തി നൽകിവരുന്നു. ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ അവരുടെ അടുത്ത ബന്ധുക്കൾ തിരിച്ച റിയൽ കാർഡിന്റെ ഒറിജിനലും പകർപ്പും ബന്ധം തെളിയിക്കുന്ന രേഖയും ഹാജരാക്കിയാൽ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തി നൽകുന്നതാണ്. ആധികാരികതയിൽ സംശയമുള്ള സർട്ടിഫിക്കറ്റുകൾ മാത്രമേ അത് നൽകിയ സ്ഥാപനത്തിലേയ്ക്ക് പരിശോധനയ്ക്കായി അയച്ചുകൊടുക്കാറുള്ളൂ. കേന്ദ്ര സർക്കാരിന്റെ മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ മാർഗ്ഗനിദ്ദേശങ്ങൾ പാലിച്ചുകൊണ്ടാണ് സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തി നൽകുന്നത്. എന്നാൽ അതാതു സംസ്ഥാനങ്ങളിലെ സാഹചര്യങ്ങൾക്കനുസരിച്ച് വേണ്ട മാറ്റങ്ങൾ വരുത്തി ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണെന്നും അറിയിച്ചി ട്ടുണ്ട്. ഇതനുസരിച്ച് നോർക്ക വഴി അറ്റസ്റ്റ്ചെയ്യാവുന്ന യോഗ്യതാ സർട്ടിഫി ക്കറ്റുകളുടെ പട്ടിക വിപുലീകരിച്ചുകൊണ്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരുന്നു. വിദേശത്ത് താമസിക്കുന്ന വ്യക്തികളുടെ പാസ്പോർട്ടിന്റെ ഇൻഡ്യൻ എമ്പസി സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കുന്നതിന് ബുദ്ധിമുട്ടുണ്ടാക്കുന്ന

തിനാൽ അക്കാര്യം ലഘൂകരിക്കേണ്ടതുണ്ട്. മറ്റ് സംസ്ഥാനങ്ങളിലെ സാക്ഷ്യപ്പെടുത്തൽ കേന്ദ്രങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഏറ്റവും ലളിതമായ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടാണ് നോർക്ക സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തി നൽകുന്നത്.

(3) <u>സ്വാശ്രയ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള വായ്പാ നിയന്ത്രണം</u>

<u>ശ്രീ. എ.എം. ആരിഫ്</u>: അന്യസംസ്ഥാനങ്ങളിലെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ബാങ്കുകൾ നൽകിവരുന്ന വായ്പാത്തുക വർദ്ധിപ്പിക്കുന്നതിനും വായ്പ അനുവദിക്കുന്നതിലുള്ള നിയന്ത്രണം നീക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. വി.എസ്. അച്ചുതാനന്ദൻ):</u> ഭാരതീയ റിസർവ് ബാങ്കും ഇൻഡ്യൻ ബാങ്കേഴ്സ് അസോസിയേഷനും പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ചാണ് സംസ്ഥാനത്തെ ബാങ്കുകൾ വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നത്. അതാതു സംസ്ഥാനത്തെ പ്രൊഫഷണൽ കോഴ്സുകൾക്ക് സർക്കാർ അംഗീകരിച്ചിട്ടുള്ള ഫീസ് സ്ട്രക്ച്ചർ ബാങ്കുകൾക്ക് നൽകിയിട്ടുള്ളതു പ്രകാരമാണ് വായ്പ അനുവദിക്കുന്നത്. സാമ്പത്തിക മാന്ദ്യംമൂലം തിരിച്ചടവ് മുടങ്ങുമെന്ന ആശങ്കയാൽ ബാങ്കുകൾ വിദ്യാഭ്യാസ വായ്പയുടെ പരിധി ഗണ്യമായി കുറയ്ക്കുന്നതായി വിദ്യാർത്ഥികളും രക്ഷിതാക്കളും ആക്ഷേപമുന്നയിച്ചിട്ടുണ്ട്. ഇക്കാര്യം ബാങ്കേഴ്സ് അസോസിയേഷന്റേയും കേന്ദ്ര സർക്കാരിന്റേയും ശ്രദ്ധയിൽപ്പെടുത്തി അർഹരായ വിദ്യാർത്ഥികൾക്ക് നിലവിലുള്ള മാനദണ്ഡപ്രകാരം വിദ്യാഭ്യാസ വായ്പ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

.

(4) മുങ്ങിക്കിടക്കുന്ന ബോട്ടുകൾ ഉയർത്തി അറ്റകുറ്റപ്പണി നടത്തൽ

ശ്രീ. തോമസ് ചാണ്ടി: ആലപ്പുഴയിലെ പുന്നമടക്കായലിൽ മുങ്ങിക്കിടക്കുന്ന ബോട്ടുകൾ ഉയർത്തി അറ്റകുറ്റപ്പണികൾ നടത്താൻ ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): പുന്നമടക്കായലിൽ കേടായതും മുങ്ങിക്കിടക്കുന്നതുമുൾപ്പെടെ 25-വർഷത്തിലധികം പഴക്കമുള്ള ബോട്ടുകൾ വിൽപ്പന നടത്താൻ സർക്കാർ തീരുമാനിച്ചതനുസരിച്ച് ആദ്യഘട്ടമായി 27 ബോട്ടുകൾ സർവ്വീസിൽ നിന്നും പിൻവലിച്ചു. ഇതിൽ 2007-ലും 2008-ലുമായി 12 ബോട്ടുകൾ വിൽപ്പന നടത്തി. ആലപ്പുഴ മേഖലയിലുള്ള 12 ബോട്ടുകളിൽ 11 എണ്ണം വിൽക്കാൻ ദർഘാസ് ക്ഷണിച്ചിരിക്കുകയാണ്. ദർഘാസിന്റെ അവസാന തീയതി കഴിഞ്ഞാൽ അവ നീക്കംചെയ്യപ്പെടും. പുന്നമടക്കായലിൽ താഴ്ന്ന നിലയിൽ അവശേഷിക്കുന്ന ബോട്ടുകൾ നീക്കം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(5) വർക്കലയിലുണ്ടായ അപകടമരണം

ശ്രീ. വർക്കല കഹാർ: വർക്കലയിൽ സ്വകാര്യ ബസും ആട്ടോറിക്ഷയും കൂട്ടിയിടിച്ച് ആറുപേർ മരിക്കാനിടയായ സംഭവത്തെക്കുറിച്ച് അന്വേഷിക്കുന്നതിനും മരണമടഞ്ഞവരുടെ കുടുംബത്തിന് ആവശ്യമായ ധനസഹായമെത്തിക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): വർക്കല പാരിപ്പള്ളി റോഡിൽ ചാവർകോട് ആശാൻമുക്കിന് സമീപം സ്വകാര്യബസും ആട്ടോറിക്ഷയും കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ അഞ്ചുപേർ സംഭവദിവസവും ഒരാൾ പിറ്റേദിവസം ആശുപത്രിയിൽവച്ചും മരണപ്പെടുകയുണ്ടായി. അതിദാരുണമായ ഈ സംഭവത്തെക്കുറിച്ച്

അന്വേഷണം നടത്തി കർശന നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ട്രാൻസ്പോർട്ട് അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ദുരന്തത്തിൽ മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് സാദ്ധ്യമായ എല്ലാ സഹായവും ഗവൺമെന്റ് നൽകുന്നതാണ്.

(6) തീപിടിത്തത്തെത്തുടർന്ന് മാറ്റിപാർപ്പിച്ചവരുടെ ബുദ്ധിമുട്ടുകൾ

ശ്രീ. ആനത്തലവട്ടം ആനന്ദൻ: ചിറയിൻകീഴ് താലൂക്കിലെ അഞ്ചുതെങ്ങിൽ 2007-ലെ തീപിടിത്തത്തെത്തുടർന്ന് മാറ്റിപ്പാർപ്പിച്ച കുടുംബങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാനും അവരെ പുനരധിവസിപ്പിക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ചിറയിൻകീഴ് താലൂക്കിൽ കടയ്ക്കാവൂർ വില്ലേജിൽ അഞ്ചുതെങ്ങ് ഭാഗത്തുണ്ടായ തീപിടിത്തത്തിൽ ഭവനരഹിതരായവരെ ഇപ്പോൾ താൽക്കാലികഷെഡ്ഡിൽ താമസിപ്പിച്ചുവരികയാണ്. അടുത്ത ദിവസങ്ങളിലുണ്ടായ ശക്തമായ മഴയിലും കാറ്റിലും ഈ ഷെഡ്ഡിന്റെ മേൽക്കൂര ഇളകിമാറുകയും ഇലക്ട്രിഫിക്കേഷൻ അപകടാവസ്ഥയിലാകുകയും ചെയ്തിട്ടുണ്ട്. താൽക്കാലിക ഷെഡ്ഡിന്റെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും ഇലക്ട്രിഫിക്കേഷൻ സംബന്ധിച്ച അപകടാവസ്ഥ പരിഹരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് സർക്കാർ ഏറ്റെടുത്ത 334 സെന്റ് സ്ഥലത്ത് 208 ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിന് 8.75 കോടി രൂപയുടെ പദ്ധതിക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഫ്ളാറ്റുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ എത്രയുംവേഗം പൂർത്തീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

(7) <u>പ്രവാസികളെ ബി.പി.എൽ. പരിധിയിൽ നിന്ന് ഒഴിവാക്കൽ</u>

<u>ശ്രീ. സി.ടി. അഹമ്മദ് അലി</u>: അർഹരായ പ്രവാസികളെ ഉൾപ്പെടുത്തി 2009 ജൂലായ് മാസം 31-നകം ബി.പി.എൽ. ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനും കാസർകോട് അടക്കമുള്ള പ്രദേശങ്ങളിൽ ജൂലായ് 31-നുള്ളിൽ പുതുക്കിയ റേഷൻ കാർഡ് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി <u>(ശ്രീ. പാലോളി മുഹമ്മദ് കുട്ടി</u>): വിദേശത്ത് ജോലിയുണ്ടായിട്ടും നാട്ടിൽ കുടുംബത്തിന്റെ സ്ഥിതി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടേതിന് തുല്യമാണെന്ന് ബോധ്യപ്പെട്ടാൽ അത്തരം കുടുംബങ്ങളുടെ കാര്യത്തിൽ ഗവൺമെന്റിന് എന്തുചെയ്യാൻ കഴിയുമെന്ന് പരിശോധിക്കുന്നതാണ്. റേഷൻ കാർഡിന്റെ പ്രശ്നം ബന്ധപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

(8) <u>അഭിഭാഷക ക്വാട്ട പരിഗണിക്കൽ</u>

<u>ശ്രീ. വി.ജെ. തങ്കപ്പൻ</u>: ജില്ലാ ജഡ്ജിമാരുടെ നിയമനത്തിൽ 25 ശതമാനം അഭിഭാഷക ക്വാട്ടയിൽ നിന്നുള്ളവരെ റിക്രൂട്ട് ചെയ്യണമെന്ന ചട്ടം പാലിച്ചാണോ ലിസ്റ്റ് അപ്രൂവലിനായി സർക്കാരിലേയ്ക്ക് വരുന്നതെന്ന് പരിശോധിക്കാനും ലിസ്റ്റിൽ തിരുത്തലുകൾ ആവശ്യമുണ്ടെങ്കിൽ ഹൈക്കോടതിയിലേയ്ക്ക് തിരിച്ചയയ്ക്കാനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ):</u> ജില്ലാ ജഡ്ജിമാരുടെ നിയമനം സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി നടപടിക്രമങ്ങൾ പൂർത്തീകരിച്ച് അയച്ചുതരുന്ന ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് അംഗീകരിച്ച് നിയമനം സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിക്കുകയാണ് സർക്കാർ

ചെയ്തുവരുന്നത്. 2009 മാർച്ച് 30-ാം തീയതിയിലെ സർക്കാർ ഉത്തരവ് പ്രകാരം ആറ് പേരെ അഭിഭാഷക ക്വാട്ടയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അഭിഭാഷക ക്വാട്ടയിലുള്ള ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുന്നത് ബഹുമാനപ്പെട്ട ഹൈക്കോടതിയാണ്. അഭിഭാഷക ക്വാട്ട യഥാസമയം നികത്തുന്നില്ലെന്നുള്ള ആക്ഷേപം ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(9) അഡീഷണൽ സബ് രജിസ്ട്രാർ ഓഫീസിന്റെ പുനർ നിർമ്മാണം

ശ്രീമതി പി. അയിഷാ പോറ്റി: അഗ്നിബാധമൂലം നശിച്ച കൊട്ടാരക്കര അഡീഷണൽ സബ് രജിസ്ട്രാർ ഓഫീസ് പുനർ നിർമ്മിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): കൊട്ടാരക്കര സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി പ്രവർത്തനം പുനരാരംഭിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ പുനർ നിർമ്മാണത്തിനുള്ള പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കാൻ പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(10) ജനന-മരണ സർട്ടിഫിക്കറ്റുകളിലെ തെറ്റ് തിരുത്തൽ

ശ്രീ. എം. മുരളി: ജനന-മരണ സർട്ടിഫിക്കറ്റുകളിലെ തെറ്റുകൾ തിരുത്തുന്നതിനുള്ള ചട്ടങ്ങൾ ലഘൂകരിച്ച് രജിസ്ട്രേഷൻ നടപടികൾ ലളിതവൽക്കരിക്കാൻ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): 1969-ലെ കേന്ദ്ര ജനന-മരണ രജിസ്ട്രേഷൻ ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായാണ് 1999-ലെ കേരള ജനന-മരണ

രജിസ്ട്രേഷൻ ചട്ടങ്ങൾ പ്രാബല്യത്തിൽ വരുത്തിയിട്ടുള്ളത്. കേന്ദ്ര നിയമത്തിൽ ഭേദഗതി വരുത്താതെ സംസ്ഥാന നിയമത്തിൽ അടിസ്ഥാനപരമായി ഭേദഗതി വരുത്താൻ സാദ്ധ്യമല്ല. 01.04.1970-നുശേഷം നടത്തിയ രജിസ്ട്രേഷനിലെ തിരുത്തലുകൾക്കുള്ള അപേക്ഷകളിൽ അതാത് രജിസ്ട്രാർമാർ തന്നെ സമയബന്ധിതമായി തീരുമാനമെടുക്കണമെന്ന് ചീഫ് രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്. മതിയായ രേഖകൾ സഹിതം നൽകുന്ന അപേക്ഷകൾ കാലതാമസമില്ലാതെ തീർപ്പാക്കുന്നുണ്ട്. ജനന-മരണ സർട്ടിഫിക്കറ്റുകളിൽ തിരുത്തലുകൾ വരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഉദ്യോഗസ്ഥതല സംവിധാനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(11) <u>കാപ്പാട് പോലീസ് സ്റ്റേഷൻ അനുവദിക്കൽ</u>

<u>ശ്രീ. പി. വിശ്വൻ:</u> നിലവിലുള്ള പ്രൊപ്പോസൽ അംഗീകരിച്ചുകൊണ്ട് കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ കാപ്പാട് കേന്ദ്രീകരിച്ച് ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ):</u> ചരിത്രപ്രസിദ്ധമായ കാപ്പാട് കടപ്പുറം ഉൾപ്പെടുന്ന ചേവഞ്ചേരി, ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തുകൾ കേന്ദ്രീകരിച്ചുകൊണ്ട് ഒരു പുതിയ പോലീസ് സ്റ്റേഷൻ സ്ഥാപിക്കണമെന്നുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. ഈ വർഷം അഞ്ച് പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതാണ്. പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിക്കുന്ന സന്ദർഭത്തിൽ ഇക്കാര്യം സർക്കാർ പ്രത്യേകം പരിശോധിക്കുന്നതാണ്.

(12) സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം

ശ്രീ. എ.കെ. ശശീന്ദ്രൻ: ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിച്ച് സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണ നടപടികൾ ഈ വർഷം തന്നെ ആരംഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): അഞ്ച് വർഷത്തിലൊരിക്കൽ ശമ്പള പരിഷ്ക്കരണം എന്ന തത്വമാണ് കേരളത്തിൽ പിൻതുടർന്നുവരുന്നത്. എട്ടാം ശമ്പള പരിഷ്ക്കരണത്തിന് 01.07.2004 മുതൽ പ്രാബല്യം നൽകിയെങ്കിലും 25.03.2006-ലാണ് ഉത്തരവായത്. 01.07.2004 മുതൽ 31.03.2005 വരെയുള്ള ശമ്പള പരിഷ്ക്കരണ കുടിശ്ശിക നോഷണലായി കണക്കാക്കുകയായിരുന്നു. 01.04.2005 മുതൽ മാത്രമാണ് ശമ്പള പരിഷ്ക്കരണ ആനുകൂല്യങ്ങൾ പണമായി നൽകിയത്. അടുത്ത ശമ്പള പരിഷ്ക്കരണം 01.07.2009 മുതൽ നിലവിൽ വരേണ്ടതാണ്. ഇതുസംബന്ധിച്ച് സർക്കാർ യഥാസമയം തീരുമാനമെടുക്കുന്നതാണ്.

(13) പുലിക്കളിക്ക് നൽകുന്ന ധനസഹായം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: തൃശ്ശൂരിന്റെ തനത് കലാരൂപമായ പുലിക്കളിക്ക് നൽകിവരുന്ന ധനസഹായത്തിന്റെ വർദ്ധിപ്പിച്ച തുകയും കഴിഞ്ഞ വർഷത്തെ കുടിശ്ശികയും അനുവദിക്കാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): പുലിക്കളിക്ക് 2007-ൽ ഒരു ലക്ഷം രൂപയുടെ ധനസഹായം സർക്കാർ നൽകിയിരുന്നു. അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭിക്കാതിരുന്നതിനാലാണ് 2008-ൽ സാമ്പത്തിക സഹായം നൽകാൻ തടസ്സമുണ്ടായത്. ഈ വർഷം ധനസഹായം അഭ്യർത്ഥിച്ചുകൊണ്ടുള്ള

അപേക്ഷ ഇതുവരെ ലഭിച്ചിട്ടില്ല. അപേക്ഷ കിട്ടുന്ന മുറയ്ക്ക് ധനസഹായം കൊടുക്കുന്നതാണ്.

(14) <u>നൗഷാദിന്റെ വീട്ടിൽ നടന്ന മോഷണം</u>

<u>ശ്രീ. പി.ടി.എ. റഹീം</u>: കോഴിക്കോട്-കണ്ണന്നൂർ-കിഴക്കയിൽ നൗഷാദിന്റെ വീട്ടിൽ നടന്ന മോഷണം സംബന്ധിച്ച കേസന്വേഷണം ഊർജ്ജിതപ്പെടുത്താൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ):</u> ഇതുസംബന്ധിച്ച് കാക്കൂർ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസന്വേഷണത്തിന് വിരലടയാള വിദഗ്ദ്ധരുടെയും ഡോഗ് സ്ക്വാഡിന്റെയും സേവനം പ്രയോജനപ്പെടുത്തിയിട്ടുണ്ട്. അന്വേഷണം അന്യസംസ്ഥാനങ്ങളിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ട്. ബാലിശ്ശേരി സർക്കിൾ ഇൻസ്പെക്ടർ കേസന്വേഷണം ഊർജ്ജിതമായി നടത്തിവരുന്നു. കേസിന്റെ മേൽനോട്ടം വഹിക്കാൻ കോഴിക്കോട് ജില്ലാ പോലീസ് സൂപ്രണ്ടിന് നിർദ്ദേശം കൊടുക്കുന്നതാണ്.

(15) <u>വിവാഹ കരാറിലെ അവ്യക്തത</u>

<u>ശ്രീ. എം. ഉമ്മർ</u>: സബ് രജിസ്ട്രാർ ഓഫീസുകളിൽ കരാറടി സ്ഥാനത്തിൽ നടക്കുന്ന വിവാഹങ്ങൾ തടയുന്നതിന് റൂൾസിൽ ഭേദഗതി വരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി <u>(ശ്രീ. എസ്. ശർമ്മ):</u> രണ്ട് വ്യക്തികൾ തമ്മിൽ പല വിഷയങ്ങളെ സംബന്ധിച്ചും എഴുതി ഒപ്പിടുന്ന കരാറുകൾ രജിസ്റ്റർ ചെയ്യുന്നതിന് രജിസ്ട്രേഷൻ നിയമപ്രകാരം തടസ്സമില്ല. ഈ സൗകര്യം പ്രയോജനപ്പെടുത്തി വിവാഹ കരാർ എന്ന രൂപത്തിൽ കരാറിലേർപ്പെടുകയും രജിസ്റ്റർ ചെയ്യുകയും ചെയ്തുവരുന്നുണ്ട്. ഇത്

തടയാൻ നിയമപരമായി പരിമിതികളുണ്ടെങ്കിലും വിവാഹ കരാറുകൾ ഒഴിവാക്കുന്നതിനുള്ള പരിശ്രമങ്ങൾ രജിസ്ട്രേഷൻ വകുപ്പ് നടത്തുകയുണ്ടായി. നിയമസഭാ സമിതിയുടെ ശുപാർശപ്രകാരം ഒരു സർക്കുലർ പുറപ്പെടുവിക്കുകയും കരാർ വിവാഹങ്ങൾക്ക് നിയമസാധുതയില്ലെന്ന അറിയിപ്പ് എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും പതിക്കുകയും ഇത്തരം കരാറുകൾക്ക് വിവാഹങ്ങളുടെ നിയമപ്രാബല്യം ലഭിക്കില്ലെന്ന് കക്ഷികളെ സബ് രജിസ്ട്രാർമാർ ധരിപ്പിക്കുകയും ചെയ്തുവരുന്നു. കരാർ രജിസ്റ്റർ ചെയ്തതുകൊണ്ട് ദമ്പതികളെന്ന പദവിയോ അവകാശങ്ങളോ ലഭിക്കില്ലെന്നുള്ള വിവരം കരാറുകളിൽ തന്നെ രേഖപ്പെടുത്താൻ 02.07.2001-ലെ ഹൈക്കോടതി വിധി പ്രകാരം പുറപ്പെടുവിച്ച സർക്കുലറിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

(16) <u>തിരുവല്ല-കുമ്പഴ റോഡ് കെ.എസ്.ടി.പി ഏറ്റെടുക്കൽ</u>

<u>ശ്രീ. കെ.സി. രാജഗോപാലൻ:</u> എം.സി. റോഡിനെയും പ്രധാന സ്റ്റേറ്റ് ഹൈവേയേയും ബന്ധിപ്പിക്കുന്ന തിരുവല്ല-കുമ്പഴ റോഡ് കെ.എസ്.ടി.പി ഏറ്റെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനാവശ്യമായ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി <u>(ശ്രീ. മോൻസ് ജോസഫ്):</u> കെ.എസ്.ടി.പി ഒന്നാംഘട്ട പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുവരികയാണ്. രണ്ടാംഘട്ട പദ്ധതിയായ 367 കിലോമീറ്റർ റോഡിന് അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. കേന്ദ്ര ഗവൺമെന്റിന് ഇതുസംബന്ധിച്ച അപേക്ഷ സമർപ്പിക്കുകയും നടപടികൾ പൂർത്തീകരിച്ച് വരികയുമാണ്. തിരുവല്ല-കുമ്പഴ റോഡ് കെ.എസ്.ടി.പി

പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകളുള്ളതിനാൽ മറ്റേതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് മുൻഗണന നൽകുന്നതാണ്.

(17) ഗോൾഡൻ ബാങ്കിലെ നിക്ഷേപകരുടെ പ്രശ്നങ്ങൾ

ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി: ഗോൾഡൻ ബാങ്കിലെ നിക്ഷേപകരെ കബളിപ്പിച്ച് കോടിക്കണക്കിന് രൂപ തട്ടിയെടുത്ത പ്രതികളെ കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഈ കേസ് സംബന്ധിച്ച് ലോക്കൽ പോലീസും പാലക്കാട് ക്രൈം ബ്രാഞ്ചിന്റെ നേതൃത്വത്തിലും അന്വേഷണം നടത്തുകയാണ്. പല ബ്രാഞ്ചുകളിൽ നിന്നായി 1,33,38,796 രൂപ കബളിപ്പിച്ചിട്ടുള്ളതായി അന്വേഷണത്തിൽ വെളിവായിട്ടുണ്ട്. ഒന്നാം പ്രതിയായ ഹംസ ഹാജിയെ മുംബൈ എയർപോർട്ടിൽ വച്ച് അറസ്റ്റ് ചെയ്യുകയും മഞ്ചേരി സെഷൻസ് കോടതി എല്ലാ കേസുകളിലേയ്ക്കും ജാമ്യം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. വിദേശത്തേയ്ക്ക് കടന്നിട്ടുള്ള രണ്ടാം പ്രതിയായ നസീറിനെ പിടികൂടുന്നതിന് എല്ലാ എയർപോർട്ടുകളിലേയ്ക്കും നോട്ടീസ് നൽകിയിട്ടുണ്ട്. മൂന്നാം പ്രതിയായ സുരേന്ദ്രനെ കേസുകളിൽ തീരുമാനമാകുന്നതുവരെ അറസ്റ്റ് ചെയ്യരുതെന്ന് ഹൈക്കോടതി വിധി പുറപ്പെടുവിച്ചിരിക്കുകയാണ്. പാലക്കാട് ക്രൈംബ്രാഞ്ച് പോലീസ് സൂപ്രണ്ടിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ ഡിവൈ.എസ്.പി കേസന്വേഷണം നടത്തിവരികയാണ്. അന്വേഷണ പുരോഗതി വിലയിരുത്താൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം കൊടുക്കുന്നതാണ്.

(18) തെരുവ് നായ്ക്കളുടെ ശല്യം

ശ്രീ. എ. കെ. ചന്ദ്രൻ: സംസ്ഥാനത്ത് മനുഷ്യർക്കും വളർത്തു മൃഗങ്ങൾക്കും ഗുരുതരമായ ഭീഷണിയായിരിക്കുന്ന തെരുവ് നായ്ക്കളുടെ ശല്യം അവസാനിപ്പിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): ഭരണഘടന വ്യവസ്ഥകൾ പ്രകാരവും 1982-ലെ ജന്തുക്കളോടുള്ള ക്രൂരത തടയുന്നതിനുള്ള നിയമപ്രകാരവും തെരുവ് നായ്ക്കൾ ഉൾപ്പെടെയുള്ള ഏത് മൃഗത്തേയും കൊല്ലുന്നത് ശിക്ഷാർഹമാണ്. ഓംബുഡ്സ്മാന്റേയും ഹൈക്കോടതിയുടേയും വിധിന്യായ പ്രകാരം അലഞ്ഞുതിരിഞ്ഞു നടക്കുന്ന തെരുവ് നായ്ക്കളെ കൊല്ലുന്നതിന് സംസ്ഥാന സർക്കാർ 2007-ൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു. അനിമൽ വെൽഫെയൽ ബോർഡ് ഓഫ് ഇൻഡ്യയും മറ്റ് സംഘടനകളും ഇതിനെതിരെ സുപ്രീംകോടതിയെ സമീപിക്കുകയും ഇത് തടഞ്ഞുകൊണ്ട് 2009-ൽ വിധി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ തെരുവ് നായ്ക്കളെ കൊല്ലുന്നത് കോടതിയലക്ഷ്യ നടപടിയാകും. അതുകൊണ്ട് 2001-ലെ മൃഗ ജനന നിയന്ത്രണ പദ്ധതി പ്രകാരവും പേവിഷ ബാധയ്ക്കെതിരായ പദ്ധതി പ്രകാരവും നടപടി സ്വീകരിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(19) ന്യൂനപക്ഷ-പിന്നോക്ക ജില്ലകൾക്ക് പ്രത്യേക പാക്കേജ്

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: ന്യൂനപക്ഷ കേന്ദ്രീകൃത ജില്ല വികസന പരിപാടിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട വയനാട് ജില്ലയുടെ പ്രൊപ്പോസൽ കേന്ദ്രത്തിൽ സമർപ്പിക്കുന്നതോടൊപ്പം മറ്റ് ജില്ലകളെക്കൂടി

ഇതിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താൻ ഒരു സർവ്വകക്ഷി സംഘത്തെ ഡൽഹിയിലേയ്ക്ക് അയയ്ക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): കേന്ദ്ര സർക്കാർ 2007 ജൂലായ് മാസത്തിൽ ദേശീയ തലത്തിൽ ന്യൂനപക്ഷ കേന്ദ്രീകൃതമായ 90 ജില്ലകളുടെ ബഹുമുഖ വികസനത്തിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കണമെന്ന് സംസ്ഥാനങ്ങളോട് ആവശ്യപ്പെട്ടിരുന്നു. കേരളത്തിൽ നിന്നും വയനാട് ജില്ലയെ തെരഞ്ഞെടുത്തതിന്റെ അടിസ്ഥാനത്തിൽ അവിടെ വിശദമായ അടിസ്ഥാന സർവ്വേ നടത്തി തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട് സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുണ്ട്. നിശ്ചിത സമയപരിധിക്കുള്ളിത്തന്നെ ഈ പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന് സമർപ്പിക്കുന്നതാണ്. വയനാട് ജില്ലയ്ക്കുപുറമെ മലപ്പുറം, കാസർഗോഡ്, പാലക്കാട്, കണ്ണൂർ ജില്ലകളെക്കൂടി ഇതിൽ പരിഗണിക്കണമെന്ന ആവശ്യം പാലോളി കമ്മിറ്റി റിപ്പോർട്ടിന്റെ ഭാഗമായി കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(20) കന്നികൊയ്ത്ത് എന്ന കവിതയുടെ വ്യാഖ്യാനം

ശ്രീ. ടി. എൻ. പ്രതാപൻ: എട്ടാം ക്ലാസ്സിലെ മലയാളം പാഠപുസ്തകത്തിന്റെ അദ്ധ്യാപക സഹായിയിൽ വൈലോപ്പിള്ളി ശ്രീധരമേനോന്റെ 'കന്നികൊയ്ത്ത്' എന്ന കവിതയെ വികൃതമായ രീതിയിൽ വ്യാഖ്യാനിച്ചിരിക്കുന്നത് പിൻവലിക്കണം.

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും

തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): എട്ടാം ക്ലാസ്സിലെ അദ്ധ്യാപക സഹായിയിൽ വൈലോപ്പിള്ളി ശ്രീധരമേനോന്റെ 'കന്നികൊയ്ത്ത്' എന്ന കവിതയെ അടിസ്ഥാനപ്പെടുത്തി ഡോ. പി. സോമൻ നടത്തിയ പഠനമാണ് ചേർത്തിട്ടുള്ളത്. കവിതകളെ വ്യാഖ്യാനിക്കുന്നതിന്റെ സങ്കേതങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുന്നതിന് അദ്ധ്യാപകരെ സജ്ജമാക്കുന്നതിനുവേണ്ടിയാണ് ഇത് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത് പാഠപുസ്തകം പോലെ കുട്ടികൾക്ക് പരിചയപ്പെടുത്തേണ്ടതല്ല. സാഹിത്യ നിരൂപണത്തിലെ പ്രമുഖ ശാഖയായ സൈക്കോ അനലറ്റിക്കൽ ക്രിട്ടിസിസത്തിന്റെ മാതൃകയിലുള്ള ലേഖനമാണിത്. ഇതുസംബന്ധിച്ച് വിമർശനം ഉയർന്നുവന്ന സാഹചര്യത്തിൽ ഇത്തരം കാര്യങ്ങൾ അദ്ധ്യാപകരെയടക്കം പരിചയപ്പെടുത്തേണ്ടതുണ്ടോയെന്ന് ഒന്നുകൂടി പരിശോധിക്കാൻ കരിക്കുലം കമ്മിറ്റിയെ ചുമതലപ്പെടുത്തുന്നതാണ്.

(21) പോലീസ് അസ്സോസിയേഷന്റെ തെരഞ്ഞെടുപ്പ്

ശ്രീ. കെ. ബാബു: നാളെ ആരംഭിക്കുന്ന സംസ്ഥാന പോലീസ് അസ്സോസിയേഷന്റെ തെരഞ്ഞെടുപ്പ് വോട്ടർ പട്ടിക കുറ്റമറ്റതാക്കി രാഷ്ട്രീയ ഇടപെടലില്ലാതെയും അനാവശ്യ സ്ഥലംമാറ്റമില്ലാതെയും നിഷ്പക്ഷവും ജനാധിപത്യപരവുമായി നടത്താനുള്ള ക്രമീകരണങ്ങൾ ചെയ്യണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഭരണഘടനയുടെ 8-ാം വകുപ്പ് അനുസരിച്ച് നിഷ്പക്ഷവും ജനാധിപത്യപരവുമായാണ് പോലീസ് അസ്സോസിയേഷൻ തെരെഞ്ഞെടുപ്പ് നടത്തുന്നത്. നറുക്കെടുപ്പിലൂടെ നിശ്ചയിക്കുന്ന അംഗമായിരിക്കും ഇലക്ഷന്റെ വരണാധികാരി. വോട്ടർ പട്ടികയെക്കുറിച്ച് പരാതികളുണ്ടെങ്കിൽ യൂണിറ്റ്

മേധാവിയോടോ വകുപ്പദ്ധ്യക്ഷനോട് രേഖാമൂലമോ ബോദ്ധ്യപ്പെടുത്താവുന്നതാണ്. യോഗ്യതയുള്ള ഒരു അംഗത്തിനെ സ്ഥലം മാറ്റിയാൽപോലും അയാളുടെ ആദ്യത്തെ യൂണിറ്റിലുള്ള സമ്മതിദാനാവകാശത്തെ ബാധിക്കുകയില്ല. അസ്സോസിയേഷൻ തെരഞ്ഞെടുപ്പിൽ രാഷ്ട്രീയ ഇടപെടലോ മേലുദ്യോഗസ്ഥരുടെ ഇടപെടലോ സർക്കാരിന്റെ ഇടപെടലോ ഉണ്ടാവുന്നില്ല. ചട്ടപ്രകാരം അസ്സോസിയേഷൻ അംഗങ്ങൾ തന്നെയാണ് തെരെഞ്ഞെടുപ്പിനു വേണ്ടിയുള്ള ക്രമീകരണങ്ങൾ ചെയ്യുന്നത്. നിലവിലുള്ള നിയമങ്ങൾ അനുശാസിക്കുന്ന അച്ചടക്കത്തിന്റേയും ചുമതലകളുടേയും പരിധിയിൽ നിന്ന് പ്രവർത്തിക്കുന്നതിനു മാത്രമേ സർക്കാർ അനുവദിക്കുന്നുള്ളൂ.

(22) <u>സാമൂഹ്യ ക്ഷേമ പെൻഷനുകളുടെ വരുമാന പരിധി</u>

<u>ശ്രീ. എം. ചന്ദ്രൻ</u>: വിവിധ സാമൂഹ്യക്ഷേമ പെൻഷനുകൾക്ക് വർഷങ്ങൾക്കുമുമ്പ് നിശ്ചയിച്ചിട്ടുള്ള കുടുംബ വാർഷിക വരുമാന പരിധി കാലോചിതമായി ഉയർത്തി നിശ്ചയിക്കുന്നതിനുള്ള നടപടികളെടുക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ</u>): വിവിധ സാമൂഹ്യക്ഷേമ പെൻഷനുകൾക്കുള്ള വരുമാന പരിധി വർഷങ്ങൾക്ക് മുമ്പ് നിശ്ചയിച്ചിട്ടുള്ളതായതിനാൽ പലർക്കും അതിന്റെ പ്രയോജനം ലഭിക്കാത്ത സാഹചര്യമുണ്ട്. വിവിധ പെൻഷനുകൾക്ക് നിശ്ചയിച്ചിട്ടുള്ള ഈ വരുമാന പരിധി ഏകീകൃതമാക്കുന്നതും കാലോചിതമായി ഉയർത്തുന്നതും സർക്കാരിന്റെ പരിഗണനയിലാണ്. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതിയുടെ ഗുണഭോക്താക്കളെ കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡ പ്രകാരം തെരഞ്ഞെടുക്കപ്പെടുന്നതിനാൽ ഗൈഡ് ലൈനിൽ മാറ്റം വരുത്താൻ ബുദ്ധിമുട്ടുണ്ട്.

(23) ട്രോമാ കെയർ യൂണിറ്റ് പ്രവർത്തനക്ഷമമാക്കൽ

ശ്രീ. ബി. ബാബു പ്രസാദ്: ഹരിപ്പാട് ഗവൺമെന്റ് ആശുപത്രിയിൽ ട്രോമാ കെയർ യൂണിറ്റ് എത്രയുംവേഗം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): 2001-ൽ കേന്ദ്ര സഹായമായി ലഭിച്ച 34 ലക്ഷം രൂപ ഉപയോഗിച്ച് കെട്ടിട നിർമ്മാണം ആരംഭിക്കുകയുണ്ടായി. 2004-ൽ 10 ലക്ഷം രൂപ എം.പി. ഫണ്ട് ഇനത്തിൽ ലഭ്യമായിയെങ്കിലും പണി പൂർത്തീകരിക്കാൻ സാധിച്ചിരുന്നില്ല. ഇപ്പോൾ നിർമ്മാണ പ്രവർത്തികൾക്കും ഫർണിച്ചറുകൾക്കുംവേണ്ടി 50 ലക്ഷം രൂപ നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ ഫണ്ടിൽ നിന്നും അനുവദിക്കുകയും പണി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിടം പൂർത്തിയാകുന്ന മുറയ്ക്ക് ട്രോമാ കെയർ യൂണിറ്റ് ആരംഭിക്കുന്നതാണ്. സ്റ്റാഫ് ക്രിയേഷനെ സംബന്ധിച്ചുള്ള പ്രൊപ്പോസൽ ഗവൺമെന്റിന്റെ പരിഗണനയിലാണ്. ഇക്കാര്യങ്ങൾ പരിശോധിച്ച് യുക്തമായ തീരുമാനം എടുക്കുന്നതാണ്.

(24) പ്രാഥമികാരോഗ്യ കേന്ദ്രം സി.എച്ച്.സി-യായി ഉയർത്തൽ

ശ്രീ. വി. ചെന്താമരാക്ഷൻ: പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ സിവിൽ സർജൻമാരുടെയും അസിസ്റ്റന്റ് സർജൻമാരുടെയും നിലവിലുള്ള ഒഴിവുകൾ നികത്തുകയും പ്രസ്തുത കേന്ദ്രത്തെ സി.എച്ച്.സി-യായി ഉയർത്തുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): പാലക്കാട് ജില്ലയിലെ ആരോഗ്യ മേഖലയിലെ പ്രശ്നങ്ങൾ

ഒരു പരിധിവരെ കമ്പൽസറി റൂറൽ സർവീസ് പോസ്റ്റിംഗിലൂടെ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. പോസ്റ്റ് ചെയ്യുന്ന ഡോക്ടർമാർ പലപ്പോഴും ലീവെടുത്ത് പോകുന്നതിനാൽ ഈ ജില്ലയിൽ പ്രത്യേകിച്ച് ഉൾപ്രദേശങ്ങളിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാകാത്ത സാഹചര്യമുണ്ട്. കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽപ്പെടുന്ന കൊടുവായൂരിൽ ഒരു സി.എച്ച്.സി-യും 10 കി. മീറ്ററിനകത്തുതന്നെ മറ്റൊരു സി.എച്ച്.സി-യും നിലവിലുള്ളതിനാൽ കൊല്ലങ്കോട് പ്രാഥമികാരോഗ്യ കേന്ദ്രം സി.എച്ച്.സി-യായി ഉയർത്തുന്നതിന് കഴിയില്ല. എങ്കിലും ഈ വിഷയം വീണ്ടും പരിശോധിക്കുന്നതാണ്. ഇപ്പോൾ അവിടെ കമ്പൽസറി റൂറൽ സർവീസ് പോസ്റ്റിംഗിലൂടെ പോസ്റ്റ് ചെയ്ത 2 ഡോക്ടർമാരുണ്ട്. കൂടാതെ കൊടുവായൂർ സി.എച്ച്.സി-യിലെ സിവിൽ സർജന് അധിക ചാർജ്ജ് നൽകിയിട്ടുണ്ട്. സിവിൽ സർജന്റെ സെലക്ട് ലിസ്റ്റ് തയ്യാറായിട്ടുണ്ട്. 10 ദിവസത്തിനുള്ളിൽ പോസ്റ്റ് ചെയ്യാൻ സാധിക്കും.

(25) സ്കൂൾ കുട്ടികളുടെ എണ്ണത്തിലുള്ള കുറവ്

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞതിന്റെ ഫലമായി 2000-ൽപ്പരം അദ്ധ്യാപകർക്ക് ജോലി നഷ്ടപ്പെടുന്ന ഗൗരവതരമായ പ്രശ്നത്തിന് അടിയന്തിര പരിഹാരം കാണണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): 2009-2010 അക്കാഡമിക് വർഷം 6-ാം പ്രവൃത്തി ദിവസത്തെ കുട്ടികളുടെ എണ്ണം സംബന്ധിച്ച് സംസ്ഥാനത്തെ 12000-ലധികം സ്ഥാപനങ്ങളിൽനിന്ന് ലഭിച്ച

കണക്കുകൾ ക്രോഡീകരിച്ചത് ഒന്നുകൂടി പരിശോധിച്ചതിനുശേഷമേ അന്തിമ കണക്കുകൾ വിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കുകയുള്ളൂ. 6 പ്രവൃത്തി ദിവസത്തെ കുട്ടികളുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ നേരിട്ട് പരിശോധിക്കുന്നതിനായി നടത്തിയ ഏകദിന പരിശോധനയുടെ പൂർണ്ണമായ റിപ്പോർട്ട് സർക്കാരിന് ലഭ്യമായിട്ടില്ല. 6-ാം പ്രവൃത്തി ദിവസത്തെ കുട്ടികളുടെ എണ്ണവും ഏകദിന പരിശോധന വഴി ലഭിക്കുന്ന കുട്ടികളുടെ എണ്ണവും തമ്മിൽ വ്യത്യാസം ഉണ്ടാകാം. ഏകദിന പരിശോധന നടത്തിയ ദിവസം പല കാരണങ്ങളാൽ വിദ്യാർത്ഥികൾ സ്കൂളുകളിൽ ഹാജരാകാത്ത സാഹചര്യ മുണ്ടാകാം. കെ.ഇ.ആർ വ്യവസ്ഥപ്രകാരം അദ്ധ്യാപക തസ്തിക നിർണ്ണയം ചെയ്യുമ്പോൾ കുട്ടികളുടെ എണ്ണത്തിന്റെ 5 ശതമാനം ഹാജരായ കുട്ടികളുടെ എണ്ണത്തോട് ചേർത്താണ് എഫക്ടീവ് സ്ട്രെങ്ത് നിർണ്ണയിക്കുന്നത്. കുട്ടിക ളുടെ എണ്ണത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന കുറവിന്റെ തോത് വർദ്ധിക്കുന്നി ല്ലെന്നാണ് കഴിഞ്ഞ രണ്ടുമൂന്നു വർഷത്തെ പൊതുപ്രവണത കാണിക്കുന്നത്. അതിൽനിന്ന് ഭിന്നമായി അതിസങ്കീർണ്ണമായ അവസ്ഥാവിശേഷം ഇപ്പോഴില്ലെ ങ്കിലും കേരളത്തിൽ ഉയർന്നുകൊണ്ടിരിക്കുന്ന അനംഗീകൃത അൺ-എയ്ഡഡ് വിദ്യാലയങ്ങൾ പൊതു വിദ്യാഭ്യാസ സംവിധാനത്തെ എങ്ങനെ സ്വാധീനിക്കുന്നുവെന്നത് സാമൂഹികമായി ചർച്ച ചെയ്യേണ്ട കാര്യമാണ്.

(26) <u>സ്കൂൾ ലൈബ്രറികളിലെ പുസ്തകങ്ങളുടെ നിലവാരം</u>

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി</u>: സംസ്ഥാനത്തെ എൽ.പി. സ്കൂളുക ളിലെ ലൈബ്രറികളിൽ വിതരണം ചെയ്യുന്ന പുസ്തകങ്ങളുടെ നിലവാരം ഗൗരവമായി പരിശോധിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും

തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സംസ്ഥാനത്തെ എൽ.പി. സ്കൂളുകളിലെ ലൈബ്രറികളിൽ വിതരണം ചെയ്യുന്ന പുസ്തകത്തെ സംബന്ധിച്ചുള്ള പരാമർശങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട യുടൻതന്നെ അവയുടെ വിതരണം മരവിപ്പിക്കുകയും ശുപാർശ ചെയ്ത പുസ്തകങ്ങളുടെ ലിസ്റ്റിൽനിന്നും നീക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്. പുസ്തകം ലഭിക്കാനിടയായിട്ടുള്ള സ്കൂളിൽനിന്നും ഈ പുസ്തകം തിരിച്ചെടുക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം പുസ്തകങ്ങൾ ലിസ്റ്റിൽ വരാനിടയായ സാഹചര്യത്തെ സംബന്ധിച്ച് സർക്കാർ പരിശോധിക്കുന്നതാണ്. പുസ്തകങ്ങളുടെ തെരഞ്ഞെടുപ്പ് കുറേക്കൂടി കുറ്റമറ്റരീതിയിൽ നടത്താനാവശ്യമായ സംവിധാനങ്ങൾ സർക്കാർ കൈക്കൊള്ളുന്നതാണ്. സാംസ്ക്കാരിക തകർച്ചയിലേയ്ക്ക് നയിക്കുന്ന വിധത്തിലുള്ള പുസ്തകം തെരഞ്ഞെടുത്തവരുടെ പേരിൽ നടപടിയെടുക്കുന്നതാണ്.

(27) കോലഞ്ചേരി ടൂറിസ്റ്റ് ബംഗ്ലാവ്

ശ്രീ. എം.എം. മോനായി: പെരിയാർ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ ഉടമസ്ഥതയിലുള്ള കോലഞ്ചേരിയിലെ ടൂറിസ്റ്റ് ബംഗ്ലാവ് താമസയോഗ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): 2009-10 വർഷത്തെ ആക്ഷൻ പ്ലാനിൽ കോലഞ്ചേരി ടൂറിസ്റ്റ് ബംഗ്ലാവിന്റെ വാർഷിക അറ്റകുറ്റപ്പണികൾക്കായി 3 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫണ്ട് ഉടൻതന്നെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് കുടിശ്ശിക ബില്ലുകൾ അടച്ച് വൈദ്യുതി, ടെലഫോൺബന്ധം പുന:സ്ഥാപിച്ചും അറ്റകുറ്റപ്പണികൾ നടത്തിയും ബംഗ്ലാവ് താമസയോഗ്യമാക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്.

(28) സംഗീത അദ്ധ്യാപകരുടെ ഒഴിവുകൾ

ശ്രീ. കോവൂർ കുഞ്ഞുമോൻ : ഗവൺമെന്റ് കോളേജുകൾ, ഹയർ സെക്കന്ററി സ്കൂളുകൾ, ഹൈസ്കൂളുകൾ, യു.പി. സ്കൂളുകൾ എന്നിവിടങ്ങളിലും സംഗീത കോളേജുകളിലുമടക്കം സംഗീത അദ്ധ്യാപകരുടെ ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള 3 സംഗീത കോളേജുകളിലും 3 ആർട്സ് ആന്റ് സയൻസ് കോളേജുകളിലും സംഗീതം ഒരു പഠന വിഷയമാണ്. ഈ സ്ഥാപനങ്ങളിൽ നിലവിലുള്ള 8 ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അക്കാഡമിക് താല്പര്യം മുൻനിർത്തി എല്ലാ ഒഴിവുകളിലേയ്ക്കും ഗസ്റ്റ് ലക്ചറർമാരെ നിയമിക്കാൻ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. സംഗീതം ഉൾപ്പെടെയുള്ള കാര്യങ്ങൾ പാഠ്യപദ്ധതിയുടെ ഭാഗമാക്കാനും കുട്ടികൾക്ക് വിദഗ്ദ്ധമായ പരിശീലനം ലഭ്യമാക്കാനുമുള്ള അവസരം സംസ്ഥാനത്തിന്റെ വിഭവ പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് എങ്ങനെ നടപ്പാക്കാൻ കഴിയുമെന്ന് ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

(29) 6-ാം യു.ജി.സി ശമ്പള പരിഷ്ക്കരണം

പ്രൊഫ. എൻ. ജയരാജ്: 01.01.2006 മുതൽ മുൻകാലപ്രാബല്യത്തോടെ യു.ജി.സി പദ്ധതി നടപ്പിലാക്കി കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്ത് മൗലീകമായ മാറ്റം വരുത്താൻ സത്വര നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും

തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): കോളേജ് അദ്ധ്യാപകരുടെ ശമ്പള പരിഷ്ക്കരണം സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് നിയോഗിച്ച ഛദ്ദ കമ്മിറ്റി റിപ്പോർട്ട് കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. യു.ജി.സി. നിർദ്ദേശങ്ങളിൽ ഉൾപ്പെട്ട ശമ്പള സ്കെയിൽ മാത്രമല്ല, യു.ജി.സി പദ്ധതിയിലെ അക്കാഡമിക് ശുപാർശകൾക്കുകൂടി പ്രാമുഖ്യം നൽകിയായിരിക്കും സംസ്ഥാനത്ത് ഈ പദ്ധതി നടപ്പാക്കുന്നത്.

(30) ഫാം തൊഴിലാളികളുടെ ആനുകൂല്യങ്ങൾ

ശ്രീമതി ഇ.എസ്. ബിജിമോൾ: റിട്ടയർ ചെയ്ത് വർഷങ്ങൾ കഴിഞ്ഞിട്ടും ഗ്രാറ്റുവിറ്റിയും മറ്റ് ആനുകൂല്യങ്ങളും നൽകാതെ കാർഷിക സർവകലാശാലയിലെ അധികാരികൾ കോലാഹലമേട് ഉൾപ്പെടെയുള്ള ഫാമുകളിലെ തൊഴിലാളികളോട് കാണിക്കുന്ന അവഗണനയ്ക്ക് പരിഹാരം ഉണ്ടാകണം. 1.7.2004 മുതലുള്ള ശമ്പള കുടിശ്ശികയും ഗ്രാറ്റുവിറ്റിയും ലഭ്യമാക്കുന്നതിന് സർവകലാശാലയ്ക്ക് ഒരു പ്രത്യേക അലോട്ട്മെന്റ് നൽകാൻ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): സർക്കാർ ഈ വിഷയം കാർഷിക സർവകലാശാലയുടെ ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് 5 ഗഡുക്കളായി കുടിശ്ശിക നൽകാൻ സർവകലാശാല തീരുമാനിച്ചിട്ടുണ്ട്. തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ കാര്യങ്ങൾ ചെയ്യാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുന്നതാണ്.

(31) വ്യവസായ രംഗത്തെ പ്രതിസന്ധി

ശ്രീ. പി. തിലോത്തമൻ: ആലപ്പുഴ ജില്ലയിലെ വ്യവസായ സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) : 22-03-2003 മുതൽ അടഞ്ഞുകിടക്കുന്ന കേരള സ്പിന്നേഴ്സ് തുറന്നുപ്രവർത്തിപ്പിക്കാൻ 20-02-2008-ന് ധനകാര്യ-വ്യവസായ വകുപ്പുമന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചകളിലെ തീരുമാനമനുസരിച്ച് തൊഴിലാളികൾക്ക് കോമ്പൻസേഷൻ നൽകാൻ ഗവൺമെന്റ് നടപടി സ്വീകരിച്ചുവരുന്നു. എക്സെൽ ഗ്ലാസ് ഫാക്ടറി 90 ദിവസത്തെ ലേ ഓഫ് ചെയ്യാൻ 23-07-2008-ൽ ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ട്. 23-07-2008 മുതൽ 20-08-2008 വരെ ലേ ഓഫ് വേതനം നൽകാൻ നടപടി സ്വീകരിക്കാമെന്ന് കമ്പനി ഉറപ്പ് നൽകിയിട്ടുമുണ്ട്. ആട്ടോകാസ്റ്റ് ലിമിറ്റഡും സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റും ചേർത്ത് കേരള റെയിൽ കോമ്പോണന്റ്സ് ലിമിറ്റഡ് എന്ന സ്ഥാപനം ഉണ്ടാക്കാൻ കേന്ദ്ര റെയിൽ വകുപ്പുമായി എഗ്രിമെന്റ് ഒപ്പുവയ്ക്കുകയും നടപടികൾ കഴിയുന്നത്ര വേഗത്തിൽ പൂർത്തീകരിക്കാൻ റെയിൽവേയുമായി ബന്ധപ്പെട്ടുവരികയുമാണ്. മലബാർ സിമന്റ്സിലും ചേർത്തല ഗ്രൈന്റിംഗ് യൂണിറ്റിലും കയറ്റിയിറക്ക് ജോലി തടസ്സപ്പെട്ടതുമൂലം മുടങ്ങിക്കിടക്കുന്ന പ്രവർത്തനം പുനരാരംഭിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

(32) മുൻകൂർ ടിക്കറ്റ് നൽകുന്ന സംവിധാനം

ശ്രീ. വി. എൻ. വാസവൻ: ട്രെയിനിലെ ജനറൽ കമ്പാർട്ട്മെന്റിൽ യാത്ര ചെയ്യുന്നതിന് മുൻകൂർ ടിക്കറ്റ് നൽകുന്നതിൽ 200 കി.മി. എന്ന ദൂരപരിധി നിജപ്പെടുത്തിയതുമൂലം ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ അടിയന്തിര നടപടി സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): മുൻകൂർ ടിക്കറ്റ്

എടുക്കുന്നതിന് പുതിയ നിബന്ധന ഏർപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ 200 കിലോമീറ്റർ ദൂരപരിധിയിലുള്ളവർക്ക് അന്നേ ദിവസം ടിക്കറ്റ് എടുക്കാനും 200 കിലോമീറ്ററിന് മുകളിലുള്ളവർക്ക് 3 ദിവസം മുമ്പ് മുതൽ ടിക്കറ്റ് എടുക്കാനും സാധിക്കും. ഹ്രസ്വദൂര യാത്രക്കാർ മുൻകൂർ ടിക്കറ്റുകൾ ദുരുപയോഗം ചെയ്യുന്നത് തടയുന്നതിന്റെ ഭാഗമായാണ് ഇന്ത്യയിലൊട്ടാകെ ഇത്തരത്തിലുള്ള പരിഷ്ക്കാരം നടപ്പിലാക്കിയിട്ടുള്ളത്. ഇതുമൂലം സംസ്ഥാനത്തെ യാത്രക്കാർക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ റെയിൽവേ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽകൊണ്ടുവരുന്നതാണ്.

(33) മലബാർ ക്രമ്പ് റബ്ബർ ഫാക്ടറി

ശ്രീ. ജോർജ് എം. തോമസ്: കോഴിക്കോട് ജില്ല റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘത്തിന്റെ ക്രമ്പ് റബ്ബർ ഫാക്ടറി ഉദ്യോഗസ്ഥരുടെ അഴിമതിയും കെടുകാര്യസ്ഥതയുംമൂലം തകർച്ചയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ലോക്കൗട്ടിനെത്തുടർന്ന് തൊഴിൽരഹിതരായ 200 തൊഴിലാളികൾക്ക് തുടർന്നും ജോലി ലഭിക്കുന്നതിന് ഫാക്ടറി സർക്കാർ ഏറ്റെടുത്ത് നടത്താൻ നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ) : കോഴിക്കോട് പുതുപ്പാടിയിലെ ക്രമ്പ് റബ്ബർ ഫാക്ടറിയുടെ പ്രവർത്തനം മാർച്ച് മാസം മുതൽ നിലച്ചിരിക്കുകയാണ്. ജില്ലാ ലേബർ ഓഫീസർ കോൺഫറൻസുകൾ വിളിച്ചുകൂട്ടിയെങ്കിലും തീരുമാനത്തിലെത്താൻ കഴിഞ്ഞിട്ടില്ല. ഫാക്ടറി അടച്ചിട്ടുള്ളത് സാമ്പത്തിക പ്രതിസന്ധിമൂലമാണെന്നാണ് മാനേജ്മെന്റ് ഉന്നയിച്ചിട്ടുള്ള വാദം. ഇനിയും കോൺഫറൻസ് വിളിച്ചുകൂട്ടി പ്രശ്നം ഒത്തുതീർപ്പാക്കാൻ പരിശ്രമിക്കുന്നതാണ്.

(34) പോസ്റ്റ്-മെട്രിക് ഹോസ്റ്റൽ വിദ്യാർത്ഥികളുടെ സമരം

ശ്രീ. ജോർജ് മേഴ്സിയർ: പോസ്റ്റ്-മെട്രിക് ഹോസ്റ്റലിലെ വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട മെസ്സ് ആനുകൂല്യങ്ങളിൽ ഉദ്യോഗസ്ഥർ വെട്ടിപ്പ് നടത്തിയെന്ന ആരോപണം ഉന്നയിച്ചതിന്റെ പേരിൽ ഹോസ്റ്റലിലെ രണ്ട് അന്തേവാസികളെ പുറത്താക്കിയ നടപടിയിൽ പ്രതിഷേധിച്ച് 72 വിദ്യാർത്ഥികൾ അനിശ്ചിതകാല നിരാഹാര സത്യാഗ്രഹം അനുഷ്ഠിക്കുകയാണ്. പുറത്താക്കിയ വിദ്യാർത്ഥികളെ തിരിച്ചെടുക്കാനും അനിശ്ചിതകാല നിരാഹാര സമരം അവസാനിപ്പിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. വി. ശിവൻകുട്ടി: വെള്ളയമ്പലം പോസ്റ്റ്-മെട്രിക് ഹോസ്റ്റലിലെ അന്തേവാസികളായ ശ്രീ. ടി. മണികണ്ഠൻ, ശ്രീ. ആർ. രാജീവൻ എന്നിവർക്കെതിരെ ഹോസ്റ്റൽ നിയമങ്ങൾക്ക് വിരുദ്ധമായി പെരുമാറിയതിന്റെ പേരിൽ അച്ചടക്ക നടപടി സ്വീകരിച്ചതിനാൽ അവർ പുറത്തുള്ള ആളുകളുടെ സഹായത്തോടുകൂടി അനിശ്ചിതകാല നിരാഹാര സമരം നടത്തുകയാണ്. ഹോസ്റ്റൽ ഉപദേശക സമിതി യോഗം കൂടി പ്രസ്തുത വിഷയം ചർച്ച ചെയ്തു. ഇന്ന് മൂന്ന് മണിക്ക് വീണ്ടും യോഗം ചേരുന്നുണ്ട്.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരത്തെ വെള്ളയമ്പലം പോസ്റ്റ്-മെട്രിക് ഹോസ്റ്റലിൽ 82,26,000 രൂപ ചെലവഴിച്ചുകൊണ്ട് നവീകരണ പ്രവർത്തനങ്ങൾ നടത്തുകയും കമ്പ്യൂട്ടർ ലാബ്, ലൈബ്രറി എന്നിവ സജ്ജീകരിക്കുകയും ചെയ്തു. ഈ ഹോസ്റ്റൽ മാതൃകാപരമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന ഒരു

സ്ഥാപനമാണ്. എന്നാൽ അച്ചടക്ക നടപടികളുടെ പേരിൽ യൂണിവേഴ്സറ്റി കോളേജിലെ മൂന്നാം വർഷ ബി.എസ്.സി. വിദ്യർത്ഥിയായ ശ്രീ. മണികണ്഼ഠനേയും ഫൈൻ ആർട്ട്സ് കോളേജ് വിദ്യാർത്ഥിയായ ശ്രീ. ആർ. രാജീവിനേയും ഹോസ്റ്റലിൽനിന്നും ഇപ്പോൾ പുറത്താക്കിയിട്ടുണ്ട്. ഹോസ്റ്റലിന്റെ പേരിൽ അധികാരികൾ അറിയാതെ സ്വന്തമായി സീൽ നിർമ്മിച്ച് ദുരുപയോഗം ചെയ്യുകയും ഹോസ്റ്റൽ അച്ചടക്കത്തിന് വിരുദ്ധമായി പ്രവർത്തിക്കുകയും ഹോസ്റ്റലിനടുത്തുള്ള തട്ടുകടയിൽ പോയി ജോലി ചെയ്ത് രാത്രി 12 മണിക്ക് തിരിച്ചെത്തുകയും ചെയ്യുന്നത് ശ്രീ. മണികണ്഼ഠൻ ശീലമാക്കിയതിനെത്തുടർന്ന് പലതവണ വാക്കാൽ താക്കീത് നൽകിയെങ്കിലും അനുസരിക്കുകയുണ്ടായില്ല. മണികണ്഼ഠന്റെ താമസം ഹോസ്റ്റലിന്റെ സുഗമമായ പ്രവർത്തനത്തിനും അന്തസ്സിനും അനുയോജ്യമല്ലെന്ന് കണ്ട് വിശദീകരണം ആവശ്യപ്പെടുകയും അത് തൃപ്തികരമല്ലാത്തതുകൊണ്ടും ഹോസ്റ്റൽ ചട്ടങ്ങൾ ലംഘിച്ചതുകൊണ്ടുമാണ് ഹോസ്റ്റലിൽനിന്നും ഒഴിവാക്കാൻ റെസിഡന്റ് ട്യൂട്ടർ നിർബന്ധിതനായത്. വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപന മേധാവി പഠന പുരോഗതി, ഹാജർ എന്നിവ സംബന്ധിച്ച് നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് വിദ്യാർത്ഥികൾക്ക് ഓരോ വർഷവും ഹോസ്റ്റലിൽ പുനഃപ്രവേശനം നൽകുന്നത്. ശ്രീ. ആർ. രാജീവിന്റെ കാര്യത്തിൽ കോളേജ് അധികാരികൾ സാക്ഷ്യപത്രം നൽകാത്ത സാഹചര്യത്തിലാണ് പുനഃപ്രവേശനത്തിന് അർഹനല്ലെന്ന തീരുമാനത്തിലെത്തിയത്. മണികണ്഼ഠൻ നൽകിയിട്ടുള്ള പരാതിയെക്കുറിച്ച് അന്വേഷിക്കാൻ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിരിക്കുകയുമാണ്. നിലവിൽ ഹോസ്റ്റലുകളുടെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനായി സ്ഥലം

എം.എൽ.എ, മേയർ എന്നിവരടങ്ങുന്ന ഉപദേശക സമിതി രൂപീകരിക്കുകയും പ്രശ്നം ചർച്ച ചെയ്യുകയും ഇന്ന് വീണ്ടും ചർച്ച ചെയ്യുന്നതുമാണ്. ഉപദേശക സമിതിയുടെ ശുപാർശയും ഡയറക്ടറുടെ റിപ്പോർട്ടും പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(35) വൈദ്യുതി ബോർഡിലെ ഒഴിവുകൾ

ശ്രീ. വി. ഡി. സതീശൻ: വൈദ്യുതി ബോർഡിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാനും മീറ്റർ റീഡർ തസ്തികയിലെ ഒഴിവുകളിൽ നിയമനം നടത്താനും നടപടി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ഈ ഗവൺമെന്റ് വന്നതിനുശേഷം വൈദ്യുതി ബോർഡിൽ വിവിധ തസ്തികളിലേയ്ക്ക് 5,380 പേരെ പി.എസ്.സി. വഴി നിയമിക്കുകയും 1,251 പേർക്ക് പ്രൊമോഷൻ നൽകുകയും ചെയ്തിട്ടുണ്ട്. ഇവിടെ ഒഴിവുള്ള 146 മീറ്റർ റീഡർ തസ്തികയിൽ 133 ഇൻസർവ്വീസ് ജീവനക്കാരെ പ്രൊമോഷൻ നൽകി നിയമിച്ചിട്ടുണ്ട്. ബാക്കി 13 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2002-ലെ ഉപഭോക്താക്കളുടെ എണ്ണം കണക്കാക്കിയാണ് മീറ്റർ റീഡർ തസ്തിക സൃഷ്ടിച്ചിട്ടുള്ളത്. കമ്പ്യൂട്ടറൈസേഷനും ആധുനിക സംവിധാനങ്ങളും ഏർപ്പെടുത്തിയതുവഴി ജോലിഭാരം കുറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം കണക്കാക്കി മീറ്റർ റീഡർമാരുടെ എണ്ണം തിട്ടപ്പെടുത്തി നിയമനം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(36) കേബിൾ ടി. വി. മേഖലയിലെ പ്രതിസന്ധി

ശ്രീ. തോമസ് ഉണ്ണിയാടൻ: കേബിൾ ലൈൻ വലിക്കുന്ന ഇലക്ട്രിക് പോസ്റ്റുകളുടെ വാർഷിക വാടക വർദ്ധിപ്പിച്ചതിനാലും ഓരോ വർഷവും സർവ്വീസ് ചാർജിനത്തിൽ നികുതി അടയ്ക്കുന്നതിനുവേണ്ടി ബാങ്ക് ഗ്യാരന്റി നിർബന്ധമാക്കിയതിനാലും കേബിൾ ടി.വി. മേഖലയിലുണ്ടായ പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): 16-10-2002-ലാണ് കേബിൾ വലിക്കുന്ന പോസ്റ്റിന്റെ വാർഷിക വാടക അർബൻ, സെമി-അർബൻ മേഖലകളിൽ 17 രൂപയിൽനിന്ന് 108 രൂപയായും ഗ്രാമീണ മേഖലകളിൽ 17 രൂപയിൽനിന്ന് 54 രൂപയായും വർദ്ധിപ്പിച്ചത്. കൂടാതെ 12.5 ശതമാനം വാർഷിക വർദ്ധനവും പ്രാബല്യത്തിൽ വരുത്തി. എന്നാൽ 12-04-06-ൽ ഏഷ്യാനെറ്റ് കേബിൾ നെറ്റ്വർക്കിന് 12.5 ശതമാനം വാർഷിക വർദ്ധന 5 ശതമാനമായി കുറച്ചുകൊടുക്കുകയും 2002 മുതൽ 2006 വരെയുള്ള കാലയളവിൽ ഒരു വർദ്ധനവും ഇല്ലാതെ വാടക വാങ്ങാൻ തീരുമാനിക്കുകയും ചെയ്തു. ഏഷ്യാനെറ്റിന് സാമ്പത്തികലാഭം നേടികൊടുത്ത ഈ നടപടി പുന:പരിശോധിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കേബിൾ ലൈൻ വലിക്കുന്നതിനുള്ള പോസ്റ്റിന്റെ വാടക കുറയ്ക്കുന്നത് സംബന്ധിച്ച് സർക്കാർ ആലോചിച്ചിട്ടില്ല. കേബിൾ ടി.വി. ഓപ്പറേറ്റർമാരിൽനിന്നും ഈടാക്കുന്ന വാടക തുകയിൻമേൽ സേവന നികുതി ചുമത്താൻ കേന്ദ്ര ഗവണ്മെന്റ് നോട്ടീസ് നൽകിയ സാഹചര്യത്തിലാണ് പ്രസ്തുത നികുതി ബാങ്ക് ഗ്യാരന്റി മുഖേന നൽകാൻ കെ.എസ്.ഇ.ബി. നിർദ്ദേശിച്ചിട്ടുള്ളത്. കേബിൾ ഓപ്പറേറ്റർമാരിൽനിന്നും

ബാങ്ക് ഗ്യാരന്റി മുഖേന നികുതി ഈടാക്കുന്നത് ഹൈക്കോടതി ശരിവയ്ക്കുകയും ചെയ്തിട്ടുണ്ട്.

(37) <u>ചാലക്കുടിയിലെ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് വിഭജനം</u>

<u>ശ്രീ. ബി.ഡി. ദേവസ്സി:</u> ചാലക്കുടി നിയോജക മണ്ഡലത്തിലെ പരിയാരം, ചാലക്കുടി, കൊരട്ടി സെക്ഷൻ ഓഫീസുകളുടെ കീഴിലുള്ള ഉപഭോക്താക്കളുടെ എണ്ണവും വിസ്തൃതമായ പ്രവർത്തന മേഖലയും കണക്കിലെടുത്ത് കുറ്റിച്ചിറ, പോട്ട, കാടുകുറ്റി എന്നീ സ്ഥലങ്ങളിൽ പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി <u>(ശ്രീ. എ.കെ. ബാലൻ)</u>: ഇരുപതിനായിരത്തിലധികം ഉപഭോക്താക്കളും 100 സ്ക്വയർ കി.മീറ്ററിൽ അധികം വിസ്തീർണ്ണവുമുള്ള ഇലക്ട്രിക്കൽ സെക്ഷനുകളെയാണ് മുൻഗണന നൽകി വിഭജിക്കാൻ തീരുമാനിച്ചിട്ടുള്ളത്. ചാലക്കുടി സെക്ഷനിലെ ഉപഭോക്താക്കൾ ഇരുപതിനായിരത്തിലധികമാണെങ്കിലും ഭൂവിസ്തൃതി 25 സ്ക്വയർ കി.മീ. മാത്രമായതിനാൽ വിഭജിക്കാൻ കഴിയുന്നതല്ല. എന്നാൽ ഉപഭാക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കാൻ തെരഞ്ഞെടുത്ത 75 സെക്ഷൻ ഓഫീസുകളെ മോഡൽ സെക്ഷൻ ഓഫീസുകൾ ആക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ ചാലക്കുടി സെക്ഷൻ ഓഫീസിനേയും ഉൾപ്പെടുത്തിയിട്ടുണ്ട്.

(38) <u>പാറശ്ശാല-കാളിപ്പാറ ശുദ്ധജല വിതരണ പദ്ധതിക്ക് അംഗീകാരം</u>

<u>ശ്രീ. ആർ സെൽവരാജ്</u> : പാറശ്ശാലയിലും സമീപ പഞ്ചായത്തുകൾക്കും പ്രയോജനം ലഭിക്കുന്ന പാറശ്ശാല-കാളിപ്പാറ ശുദ്ധജല വിതരണ പദ്ധതിയുടെ പണി പുനരാരംഭിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): ഈ പദ്ധതി 2003–ൽ എൽ.ഐ.സി. സഹായത്തോടെ ഏറ്റെടുത്തെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം മുടങ്ങുകയുണ്ടായി. 2008–09–ൽ മറുകിൽ-മാറനല്ലൂർ എന്നീ വില്ലേജുകൾ കൂട്ടിച്ചേർത്തുകൊണ്ട് 11 വില്ലേജുകൾക്കായി 118.62 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി നബാർഡിന് സമർപ്പിച്ചെങ്കിലും ധനസഹായം ലഭ്യമായില്ല. സംസ്ഥാന സർക്കാരിന്റെ പുതിയ ക്യാപിറ്റൽ സ്കീമിൽ ഉൾപ്പെടുത്തി 136.40 കോടി രൂപയുടെ പദ്ധതിക്ക് അനുമതി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(39) സ്വാശ്രയ സ്ഥാപനങ്ങളിലെ അദ്ധ്യാപകരുടെ പ്രശ്നങ്ങൾ

ശ്രീ. എം.കെ. പ്രേംനാഥ് : സ്വാശ്രയ മേഖലയിലെ അൺ എയ്ഡഡ് സ്ഥാപനങ്ങളിലെ അദ്ധ്യാപക അദ്ധ്യാപകേതര ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളെ സംബന്ധിച്ച് നിയമം ഉണ്ടാക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിയ്ക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സംസ്ഥാനത്ത് അംഗീകാരമുള്ളതും ഇല്ലാത്തതുമായ അൺഎയ്ഡഡ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. അംഗീകാരമുള്ള അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ കേരള വിദ്യാഭ്യാസ ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇവരുടെ നിലവിലുള്ള ശമ്പള ഘടന പരിഷ്ക്കരിക്കാനായി 26-6-07-ൽ നിയോഗിച്ച കമ്മിറ്റി സമർപ്പിച്ച പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(40) മെട്രോറെയിൽ പദ്ധതി

ശ്രീ. എ. പ്രദീപ് കുമാർ: കോഴിക്കോട് നഗരത്തിലെ ഗതാഗത പ്രശ്നം പരിഹരിക്കാനായി സർക്കാർ നടത്തിയ സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം എം.ആർ.ടി. എസ്./ എൽ.ആർ.ടി.എസ്. പദ്ധതികൾ സംയോജിപ്പിച്ചുകൊണ്ട് കോഴിക്കോട് നഗരത്തിന്റെ ഗതാഗത സൗകര്യം ആസൂത്രണം ചെയ്യാൻ അടിയന്തിരമായ നടപടികൾ സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): കോഴിക്കോട് നഗരത്തിലെ ഗതാഗത പ്രശ്നം പരിഹരിക്കാനായി എം.ആർ.ടി.എസ്., എൽ. ആർ. ടി.എസ്. പദ്ധതികളുടെ സാധ്യതാ പഠനം നാറ്റ്പാക്ക് മുഖേന കേരള റോഡ് ഫണ്ട് ബോർഡ് നടത്തിയിരുന്നു. ഈ സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഡീറ്റെയിൽഡ് ഫീസിബിലിറ്റി സ്റ്റഡി നടത്താനായി കെ.ആർ.എഫ്.ബി. ബാംഗ്ലൂരിലുള്ള മെസ്സേഴ്സ് വിൽബർ സ്മിത്ത് എന്ന കൺസൾട്ടൻസി സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും അവരുടെ പഠനത്തിന്റെ ഭാഗമായുള്ള ആദ്യ റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്. വിശദമായ പഠന റിപ്പോർട്ട് പൂർത്തിയാകുന്നതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(41) ബി.എഡ്. സെന്ററുകളുടെ അംഗീകാരം റദ്ദാക്കിയത് സംബന്ധിച്ച്

ശ്രീ. കെ.രാജു: പുനലൂർ നിയോജക മണ്ഡലത്തിലെ അഞ്ചൽ ബി.എഡ്. സെന്റർ ഉൾപ്പെടെ കേരള സർവ്വകലാശാല നേരിട്ട് നടത്തുന്ന പത്തോളം ബി.എഡ്. സെന്ററുകളുടെ അംഗീകാരം റദ്ദാക്കിയ ആൾ ഇൻഡ്യാ കൗൺസിൽ ഫോർ ടീച്ചർ എഡ്യുക്കേഷന്റെ നടപടികളിൽ

സർക്കാർ ഇടപെട്ട് ബി.എഡ്. സെന്ററുകളിൽ അഡ്മിഷൻ തുടരുന്നതിനുള്ള നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാസ്ക്കാരികകാര്യവും വകുപ്പുമന്ത്രിയ്ക്കു വേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): കേരള സർവ്വകലാശാല നേരിട്ട് നടത്തുന്ന പത്തോളം ബി.എഡ്. സെന്ററുകളുടെ അംഗീകാരം റദ്ദാക്കിക്കൊണ്ട് എൻ.സി.റ്റി.ഇ.യിൽ നിന്ന് അറിയിപ്പ് ലഭിച്ചിട്ടുണ്ട്. അംഗീകാരം റദ്ദാക്കുമെന്ന വിവരം വെബ്സൈറ്റിലൂടെ ലഭിച്ചപ്പോൾത്തന്നെ അപ്പീൽ പോകാൻ യൂണിവേഴ്സിറ്റി തീരുമാനിക്കുകയും അതിനനുസരിച്ചുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു വരികയുമാണ്. ബി.എഡ്. കോളേജ് സ്ഥിതി ചെയ്യുന്ന സ്ഥലവും കെട്ടിടവും 30 വർഷത്തിൽ കുറയാതെയുള്ള ദീർഘകാല പാട്ട വ്യവസ്ഥയിൽ അനുവദിക്കുക എന്നതായിരുന്നു അംഗീകാരം തുടരാൻ എ.ഐ.സി.റ്റി.ഇ ഉന്നയിച്ച ആവശ്യം 10-7-09-ലെ സർക്കാർ ഉത്തരവിലൂടെ 33 വർഷത്തേയ്ക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുമായി പാട്ടക്കരാറിൽ ഏർപ്പെടാനുള്ള അനുവാദം സർവ്വകലാശാലയ്ക്ക് നൽകിയിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങളും മെച്ചപ്പെടുത്താനുള്ള ശ്രമങ്ങൾ നടന്നു വരികയാണ്. ഈ സാഹചര്യത്തിൽ എ.ഐ.സി.റ്റി.ഇ-യുടെ അംഗീകാരം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(42) വാരിയം കോളനിയിലെ ആദിവാസികളുടെ പുനരധിവാസം

ശ്രീ. ബാബു പോൾ: കുട്ടംപുഴ ഗ്രാമപഞ്ചായത്തിൽപ്പെട്ട പൂയംകുട്ടി വനാന്തരത്തിലെ വാരിയം കോളനിയിലെ ആദിവാസി കുടുംബങ്ങൾ കാട്ടാന ശല്യം മൂലം താമസം മാറാൻ നിർബന്ധിതരായിരിക്കുന്നു. അവരുടെ പുനരധിവാസത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) : പൂയംകുട്ടി വനാന്തരങ്ങളിലെ വാരിയം കോളനിയിലുള്ള 120 കുടുംബങ്ങളിൽ, 45 ആദിവാസി കുടുംബങ്ങൾ കണ്ടൻപാറ എന്ന സ്ഥലത്ത് താമസിച്ചുവരികയാണ്. കോളനികളിലെ മുഴുവൻ കുടുംബങ്ങളും സ്വമേധയ മാറ്റം ആഗ്രഹിക്കുന്നുണ്ടെങ്കിൽ സഹായിക്കാമെന്നാണ് ഗവൺമെന്റ് നിലപാട്. ആഗസ്റ്റ് മാസം 11-ാം തീയതി ബന്ധപ്പെട്ട എല്ലാവരെയും ഉൾപ്പെടുത്തിക്കൊണ്ട് ഇതുസംബന്ധിച്ച് വീണ്ടും ഒരു യോഗം നടത്തുന്നുണ്ട്. എല്ലാ കുടുംബങ്ങളും സ്വമേധയ മാറാൻ തയ്യാറായെങ്കിൽ നിയമപരമായും സാമ്പത്തികപരമായും എല്ലാ വശങ്ങളും പരിഗണിച്ചുകൊണ്ട് അനുകൂലമായ തീരുമാനമെടുക്കാൻ സർക്കാർ ശ്രമിക്കുന്നതാണ്.

(43) അട്ടപ്പാടി ഹിൽ ഡെവലപ്മെന്റ് അതോറിറ്റി

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: സർക്കാരിന്റെ സാമ്പത്തിക സഹായമില്ലെങ്കിൽ പൂട്ടേണ്ട സ്ഥിതിയിലുള്ള ‘അഹാഡ്സി’ന് അഞ്ചുവർഷത്തേയ്ക്ക് 70 കോടി രൂപ അനുവദിക്കാൻ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി: അട്ടപ്പാടിയിലെ ആദിവാസികളുടെ സാമൂഹ്യ ജീവിതത്തിലും പരിസ്ഥിതിയിലും ശ്രദ്ധേയമായ മാറ്റങ്ങൾ കൈവരിക്കാൻ ‘അഹാഡ്’സിന്റെ പ്രവർത്തനം വളരെയേറെ സഹായിച്ചിട്ടുണ്ട്. പന്ത്രണ്ടായിരം ഹെക്ടർ തരിശ് ഭൂമിയിൽ വനവൽക്കരണ പ്രവർത്തനങ്ങളും 5500 ഹെക്ടർ സ്വകാര്യ തരിശ് ഭൂമിയിൽ കാർഷിക വനവൽക്കരണ പ്രവർത്തനങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. സമ്പൂർണ്ണ ഊർജ്ജ വികസന പരിപാടി ഈ വർഷം 31 ഊരുകളിലേയ്ക്കുകൂടി വ്യാപിപ്പിച്ചുകൊണ്ട് 1319 വീടുകളും അനുബന്ധ

വികസന സൗകര്യങ്ങളും പൂർത്തിയാക്കി. അഗളി ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിനുള്ള നടപടി ഊർജ്ജിതമായി നടന്നുവരികയാണ്. അട്ടപ്പാടിയിലെ തരിശ്ശാക്കപ്പെട്ട ഭൂപ്രദേശങ്ങളിൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും വരണ്ടുപോയ കൊടങ്ങരപ്പുളം നദി പുനരുജ്ജീവിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലൂടെ ആർജ്ജിച്ച നേട്ടങ്ങൾ തുടർന്ന് സംരക്ഷിച്ച് മുന്നോട്ടുപോകേണ്ടതുണ്ട്. 2003-ൽ അവസാനിക്കേണ്ട പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം 2010 വരെ ദീർഘിപ്പിച്ചു. ഈ പദ്ധതി അവസാനിക്കുന്ന സാഹചര്യത്തിൽ ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് ഗവൺമെന്റിന് ബോധ്യമുണ്ട്. അഹാഡ്സിന്റെ ഭാവി സാധ്യതകൾ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പു സെക്രട്ടറി ചെയർമാനായി രൂപീകരിച്ച കർമ്മ സമിതിയുടെ ശുപാർശ ലഭിക്കുന്ന മുറയ്ക്ക് ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്.

(44) <u>മരുതൂർക്കടവ് പാലത്തിന്റെ ടോൾ പിരിവ്</u>

<u>ശ്രീ. എൻ. ശക്തൻ</u> : 1 കോടി 3 ലക്ഷം രൂപ ചെലവിൽ നിർമ്മിച്ച മരുതൂർക്കടവ് പാലത്തിന് കഴിഞ്ഞ പത്തുവർഷമായി ടോൾ പിരിക്കുകയാണ്. ഒരു കോടി രൂപവരെ ചെലവുവരുന്ന പാലങ്ങൾക്ക് ടോൾ പിരിവില്ല. 3 ലക്ഷം രൂപ അധികം വന്നതുകൊണ്ടാണ് ടോൾ പിരിക്കുന്നത്. ഈ പാലത്തിന്റെ ടോൾ പിരിവ് അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി <u>(ശ്രീ. മോൻസ് ജോസഫ്)</u> : മരുതൂർക്കടവ് പാലത്തിന് 1-11-2000 മുതൽ 31-3-2009 വരെ 8,75,358 രൂപ ടോൾ ഇനത്തിൽ ലഭിച്ചിട്ടുണ്ട്. പാലത്തിന്റെ നിർമ്മാണച്ചെലവ് 103.48 ലക്ഷം രൂപയാണ്.

നിലവിലുള്ള നിയമം അനുസരിച്ച് 100 ലക്ഷമോ അതിനുമുകളിലോ ചെലവ് വരുന്ന പാലത്തിന് ചെലവായ തുകയുടെ 9 ശതമാനം വാർഷിക പലിശ സഹിതം പിരിഞ്ഞുകിട്ടുന്നതുവരെയോ അതല്ലെങ്കിൽ ടോൾ പിരിവ് തുടങ്ങിയ ദിവസം മുതൽ പരമാവധി 15 വർഷത്തേയ്ക്കോ ടോൾ പിരിവ് നടത്താമെന്നുണ്ട്. ഈ രണ്ട് കാര്യങ്ങളും ഇതേവരെ പ്രാവർത്തികമാകാത്തതിനാൽ ടോൾ പിരിവ് തുടരേണ്ട സാഹചര്യമാണ് നിലവിലുള്ളത്. ഈ പാലത്തിന്റെ സമീപ പ്രദേശങ്ങളിലെ പാലങ്ങളുടെ സ്ഥിതിയും അവിടുത്തെ സാഹചര്യവും പ്രത്യേകം പരിശോധിച്ച് സത്വര നടപടി സ്വീകരിക്കുന്നതാണ്.

(45) പന്തളം വലിയകോയിക്കൽ ക്ഷേത്രത്തിലെ അടിസ്ഥാന സൗകര്യങ്ങൾ

ശ്രീ. കെ. കെ. ഷാജു : പന്തളം വലിയകോയിക്കൽ കൊട്ടാരത്തിലും ക്ഷേത്രത്തിലും വരുന്ന തീർത്ഥാടകർക്ക് വാഹനങ്ങൾ പാർക്ക് ചെയ്യുന്നതുൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനും ക്ഷേത്രത്തിലേയ്ക്കുള്ള കവാടത്തിൽ അലങ്കാര ഗോപുരം നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : ശബരിമലയിലേയ്ക്കുള്ള സ്ഥിരം അടിസ്ഥാനതാവളം എന്ന നിലയിൽ പന്തളം വലിയ കോയിക്കൽ ക്ഷേത്രത്തെ പരിഗണിക്കുകയും ഗതാഗത സൗകര്യം ഏർപ്പെടുത്തുകയും രണ്ട് പിൽഗ്രിം ഷെഡ്ഡുകളും 29 ടോയ്‌ലറ്റുകളും 16000 ലിറ്റർ ജലസംഭരണശേഷിയുള്ള ടാങ്കുകളും സജ്ജമാക്കുകയും അന്നദാനമണ്ഡപം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ വർഷം വലിയകോയിക്കൽ

ക്ഷേത്രത്തെ ദേവതാവളമായി പ്രഖ്യാപിച്ചിട്ടുണ്ട്. പന്തളം ക്ഷേത്ര ഗോപുര നിർമ്മാണം ഉടനെ ആരംഭിക്കണമെന്ന് ദേവസ്വം ബോർഡിന് നിർദ്ദേശം നൽകുന്നതാണ്.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ മേശപ്പുറത്തുവച്ചു.

**ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവനകൾ**

(1) സർക്കാരിന്റെ വനനയം സംബന്ധിച്ച് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി പ്രസ്താവന നടത്തി.

'ജലസുരക്ഷ' കർമ്മ പരിപാടിയെ സംബന്ധിച്ച് ജലവിഭവ വകുപ്പുമന്ത്രി പ്രസ്താവന നടത്തി.

**റിപ്പോർട്ട് സമർപ്പണം**

പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിച്ചു.

**113-ാം ചട്ടമനുസരിച്ചുള്ള ഹർജി സമർപ്പണം**

സംസ്ഥാനത്തെ ബ്യൂട്ടീഷ്യന്മാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്നഭ്യർത്ഥിച്ചുകൊണ്ട് കേരള ബ്യൂട്ടീഷ്യൻസ് അസോസിയേഷൻ ചെയർമാൻ ശ്രീ. ആര്യനാട് മോഹൻ, ജനറൽ സെക്രട്ടറി ശ്രീമതി സൂസൻ എബ്രഹാം എന്നിവർ സംയുക്തമായി ഒപ്പിട്ട ഹർജി സമർപ്പിക്കപ്പെട്ടു.

**നിയമനിർമ്മാണകാര്യം**

<u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും</u>

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ) : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ : തോമസ് ഐസക്) : പ്രമേയത്തെ പിന്താങ്ങുന്നു.

പ്രൊഫ. സി. രവീന്ദ്രനാഥ് : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വളരെയേറെ ബുദ്ധിമുട്ടനുഭവിക്കുന്ന ഒരു ലക്ഷത്തോളം വരുന്ന ആഭരണ നിർമ്മാണത്തൊഴിലാളികൾക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിനു വേണ്ടിയാണ് ഈ ബിൽ ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. ആഭരണ നിർമ്മാണത്തൊഴിലാളികൾ ഏറ്റവും കൂടുതലുള്ളത് തൃശ്ശൂർ ജില്ലയിലാണ്. സാമ്പത്തിക മാന്ദ്യത്തിന്റെ ഫലമായി സ്വർണ്ണാഭരണ നിർമ്മാണ മേഖലയിൽ പുതിയ പ്രശ്നങ്ങളും പ്രതികൂല സാഹചര്യങ്ങളും നിലനിൽക്കുകയാണ്. ഈ മേഖലയിലെ തൊഴിലാളികൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകിക്കൊണ്ട് അവർക്ക് ജീവിതസുരക്ഷ ഉറപ്പാക്കണം. ലോകസാമ്പത്തിക നയത്തിന്റെ ഭാഗമായും ഈ രംഗത്ത് നടക്കുന്ന ഊഹക്കച്ചവടംമൂലവും ആഭരണത്തൊഴിലാളികൾക്ക് പണി നഷ്ടപ്പെടുന്ന അവസ്ഥയാണുള്ളത്. ആധുനികതയുടെ കടന്നുകയറ്റവും അന്യസംസ്ഥാനങ്ങളിൽനിന്നുള്ള ആഭരണങ്ങളുടെ വരവും ഇവിടത്തെ പരമ്പരാഗത ആഭരണനിർമ്മാണത്തെ പ്രതികൂലമായി ബാധിക്കുകയും ഈ രംഗത്തെ തൊഴിൽ സാദ്ധ്യത നഷ്ടപ്പെടുകയും ചെയ്യുന്നു. സ്വർണ്ണം,

വെള്ളി, ചെമ്പ്, പിച്ചള തുടങ്ങിയ ലോഹങ്ങൾ ഉപയോഗിച്ച് ആഭരണങ്ങൾ നിർമ്മിക്കുന്നതിന്റെ ഫലമായി ഈ മേഖലയിലെ തൊഴിലാളികൾക്ക് തൊഴിൽജന്യ രോഗങ്ങളും ബാധിക്കുന്നുണ്ട്. തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യവും പലവിധ രോഗങ്ങളും കാരണം ആഭരണ നിർമ്മാണത്തൊഴിലാളികൾ ഇപ്പോൾ ദുരവസ്ഥയിലാണ്. ബില്ലിന്റെ പേര് ആഭരണ നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബിൽ എന്നാക്കി മാറ്റണം. വ്യാപാരിയേയും തൊഴിലുടമയേയും വേർതിരിച്ചു കാണുന്നതിനായി സ്വർണ്ണം സംസ്ക്കരിക്കുക എന്നത് തൊഴിൽ ഉടമയുടെ ഭാഗത്ത് മാത്രം നില നിറുത്തണം. പ്ളാറ്റിനം തൊഴിലാളികളെക്കൂടി ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുത്തണം.

**സമയം വേവ് ചെയ്യുന്നതുസംബന്ധിച്ച്**

മി. സ്പീക്കർ: ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കുന്നതിനുള്ള സമയം സഭയുടെ അനുമതിയോടെ വേവ് ചെയ്തിരിക്കുന്നു.

പ്രൊഫ. സി. രവീന്ദ്രനാഥ്: ചികിൽസ ധനസഹായത്തിൽ തളർവാതം, സിറോസിസ്, ജനറൽ സർജറി തുടങ്ങിയവകൂടി ഉൾപ്പെടുത്തുകയോ മാരകമായ രോഗങ്ങൾ എന്ന് മൊത്തത്തിൽ പറയുകയോ ചെയ്യണം. 'സ്ഥായിയായ ശാരീരിക അവശത സംഭവിച്ചശേഷം രണ്ടു വർഷത്തിനുശേഷം മരണമടഞ്ഞാൽ' എന്നതിൽ നിന്നും '2 വർഷത്തിനുശേഷം' എന്നത് മാറ്റണം. 'പെൻഷന് അർഹത നേടിയശേഷം മൂന്നു വർഷത്തിനുശേഷം മരണമടയുന്ന' എന്നതിൽ നിന്നും 'മൂന്നു വർഷത്തിനുശേഷം' എന്നുള്ളത് മാറ്റണം. പത്തു ലക്ഷത്തിൽ താഴെ വിറ്റുവരവുള്ള വ്യാപാരികൾക്കും പരിധി വയ്ക്കാതെ സെസ്സ് അടയ്ക്കാനുള്ള വ്യവസ്ഥയുണ്ടാകണം. കോമ്പൗണ്ടിംഗ്

രീതിയിൽ ടാക്സ് അടയ്ക്കുന്നവർക്ക് പ്രസ്തുത രേഖ ആസ്പദമാക്കി സെസ്സ് അടയ്ക്കാനും അല്ലാത്തവർക്ക് നിർണ്ണയിക്കപ്പെട്ട രജിസ്റ്ററുകളും റിക്കാർഡുകളും സൂക്ഷിച്ച് വയ്ക്കാനും വ്യവസ്ഥ ചെയ്യണം. സെസ്സ് അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നവർക്കുള്ള പലിശ തുക വർദ്ധിപ്പിക്കണം. നിലവിലുള്ള എല്ലാ സ്വർണ്ണാഭരണ തൊഴിലാളികളെയും ക്ഷേമനിധിയിൽ പങ്കാളികളാക്കണം. ബോർഡിന്റെ ഘടനയിൽ തൊഴിലാളികളേയും സ്വന്തമായി തൊഴിൽ ചെയ്യുന്നവരേയും പ്രതിനിധീകരിക്കുന്ന അംഗങ്ങൾക്ക് കൂടുതൽ പ്രാതിനിധ്യം നൽകുകയും അംഗങ്ങളെ കൃത്യമായി നിർവ്വചിക്കുകയും ചെയ്യണം. തൊഴിലാളികൾ അംഗത്വത്തിന് അപേക്ഷിക്കുമ്പോൾ തൊഴിൽ പരിചയ സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരം കേന്ദ്ര ട്രേഡ് യൂണിയനുകളിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന ആഭരണ നിർമ്മാണ തൊഴിലാളി സംഘടനയ്ക്ക് മാത്രമായി പരിമിതപ്പെടുത്തണം.

<u>ശ്രീ. സി.എഫ്. തോമസ്</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2008-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സംസ്ഥാനത്ത് ആഭരണ നിർമ്മാണത്തൊഴിലാളികൾ ഒന്നര ലക്ഷത്തോളമായി ചുരുങ്ങുകയും അവർക്കുപോലും തൊഴിലില്ലാത്ത അവസ്ഥയുമാണുള്ളത്. ഇറക്കുമതി ആഭരണങ്ങൾ വരുന്നതിനാൽ പരമ്പരാഗത തൊഴിലാളികളുടെ തൊഴിൽ നഷ്ടമായിരിക്കുന്നു. ക്ഷേമനിധി ബില്ലിൽ കഴിയുന്നത്ര ആഭരണ നിർമ്മാണത്തൊഴിലാളികളെ ഉൾപ്പെടുത്തണം. സംസ്ഥാനത്ത് എല്ലാ വിഭാഗം തൊഴിലാളികൾക്കും വേണ്ടി ക്ഷേമനിധി നിയമം ഉണ്ടെങ്കിലും പല വിഭാഗത്തിൽപ്പെട്ട തൊഴിലാളികളും കടുത്ത അസമത്വം അനുഭവിക്കുന്നുണ്ട്. വാർദ്ധക്യകാലത്ത് തൊഴിലാളികളുടെ

ആരോഗ്യസംരക്ഷണത്തിനുതകുന്ന രീതിയിലുള്ള സംരക്ഷണം ക്ഷേമനിധി മുഖേന കൊടുക്കണം. ഉന്നത വിദ്യാഭ്യാസ മേഖലയിൽ തൊഴിലാളി കുടുംബങ്ങളിലെ കുട്ടികൾക്ക് പരിഗണന നൽകണം. പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള എൻട്രൻസ് കോച്ചിംഗിന് നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് കൊടുക്കുന്നതുപോലുള്ള ധനസഹായം മറ്റു ക്ഷേമ നിധി ബോർഡുകളിൽ നിന്നും നൽകാനുള്ള നടപടി സ്വീകരിക്കണം. ക്ഷേമ നിധി ബോർഡുകൾ കൊടുക്കുന്ന ആനുകൂല്യങ്ങൾ ഏകീകരിക്കണം. ക്ഷേമനിധി പെൻഷൻ ലഭിക്കുന്നതിന് നിഷ്ക്കർഷിച്ചിട്ടുള്ള വാർഷിക വരുമാനപരിധിയിൽ മാറ്റം വരുത്തണം. ക്ഷേമനിധിയിൽ സർക്കാരിന്റെ അംശദായം വർദ്ധിപ്പിക്കണം. ക്ഷേമനിധിയിലേയ്ക്കുള്ള വരുമാനം വർദ്ധിപ്പി ക്കാനുള്ള നടപടികൾക്ക് മുൻതൂക്കം കൊടുക്കണം. ട്രഷറി നിയന്ത്രണം ഏർപ്പെടുത്തേണ്ടിവന്നാൽ പാവപ്പെട്ട തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ കൊടുക്കുന്നതിൽ കാലതാമസം ഉണ്ടാകും എന്നുള്ളതുകൊണ്ട് വളരെ ആലോചിച്ചിട്ടുമാത്രമേ ക്ഷേമനിധി തുക ട്രഷറിയിൽ അടയ്ക്കാവൂ. തൊഴിലാ ളികൾക്ക് അനുകൂലമായിട്ടുള്ള ഭേദഗതികൾ സ്വീകരിക്കാൻ തയ്യാറാകണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ) : ക്ഷേമനിധി ബോർഡ് രൂപീകരിക്കുമ്പോൾ അതിന്റെ പ്രവർത്തനം വിജയകര മായി മുന്നോട്ടുകൊണ്ടുപോകുന്നതിന് ആവശ്യമായ സംവിധാനംകൂടി ഏർപ്പെടുത്തേണ്ടതായിട്ടുണ്ട്. തൊഴിൽജന്യ രോഗങ്ങൾക്കുംമറ്റും ചികിത്സ നൽകുന്നതിന് ക്ഷേമനിധി വരുമാനം വർദ്ധിപ്പിക്കേണ്ടതുണ്ട്. രണ്ട് ലക്ഷം തൊഴിലാളികൾ ആഭരണ നിർമ്മാണ മേഖലയിൽ ഉണ്ടായിരുന്നെങ്കിലും കുറെയധികം ആളുകൾക്ക് തൊഴിൽ നഷ്ടമായി. മാനുഫാക്ചറിംഗ് മേഖല മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് മാറ്റപ്പെട്ടു. വളരെ പ്രയാസകരമായ ജീവിതം

നയിക്കുകയും സംസ്ഥാനത്തെ സാമൂഹിക വളർച്ചയ്ക്ക് ആനുപാതികമായ വളർച്ച നേടാൻ കഴിയാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിലാണ് ആഭരണത്തൊഴിലാളികൾക്കുവേണ്ടി ഒരു പ്രത്യേക ക്ഷേമനിധി നിയമം കൊണ്ടുവരുന്നതിന് ഗവൺമെന്റ് തീരുമാനമെടുത്തിട്ടുള്ളത്. തൊഴിലുടമകളല്ലാത്ത വ്യാപാരികളിൽനിന്ന് ഒരു നിശ്ചിത ശതമാനം സെസ് സ്വരൂപിച്ച് ഭരണപരമായ ചെലവിനുള്ള ഒരു ശതമാനം തുക കഴിച്ച് ബാക്കി ക്ഷേമനിധി ബോർഡിന് കൊടുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. വ്യാപാരികളും തൊഴിലുടമയും രണ്ട് വിഭാഗമായി നിൽക്കുന്ന സാഹചര്യത്തിലാണ് വ്യാപാരികളിൽനിന്ന് സെസ് സ്വരൂപിക്കാൻ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ആഭരണം വാങ്ങുന്നതിനും വിൽക്കുന്നതിനും പ്രത്യേക സെസ് എന്നുള്ള രീതിയിൽ വ്യാഖ്യാനിക്കാൻ പാടില്ല. കേരളത്തിൽ വന്ന് പണിയെടുക്കുന്ന അന്യസംസ്ഥാന തൊഴിലാളികൾക്കുവേണ്ടി നടപ്പു സാമ്പത്തിക വർഷം തന്നെ നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഭാഗമായി ഒരു ക്ഷേമ പദ്ധതി നടപ്പിലാക്കി അവർക്ക് ചികിത്സ സഹായം, തിരികെ പോകുമ്പോൾ പ്രത്യേക സമ്മാനം എന്നിവ നൽകുന്നതിന് ഉദ്ദേശിക്കുന്നു. കേരളത്തിൽ നടപ്പിലാക്കിയ കോംപ്രഹെൻസീവ് ഹെൽത്ത് ഇൻഷ്വറൻസ് പദ്ധതിയുടെ കാര്യത്തിൽ സംസ്ഥാനം കൈക്കൊണ്ട മാതൃക കേന്ദ്ര ഗവൺമെന്റും സ്വീകരിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ഗവൺമെന്റിന്റെ നോംസിന് വിധേയമായി പ്രവർത്തിക്കാൻ തയ്യാറുള്ള സ്വകാര്യ ആശുപത്രികളേയും ഉൾപ്പെടുത്തി ഈ പദ്ധതി അപാകതകളില്ലാതെ മുന്നോട്ടുകൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്ത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുഴുവൻ ജനവിഭാഗങ്ങളേയും ഉൾപ്പെടുത്തി തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി പ്രസ്തുത പദ്ധതി വിജയകരമായി നടപ്പിലാ

ക്കാൻ കഴിയും. ദുർബലമായ ക്ഷേമനിധി ബോർഡുകളെ ഏകോപിപ്പിച്ച് ആനുകൂല്യങ്ങൾ കൂടുതൽ കൊടുക്കുന്നതു സംബന്ധിച്ച് പഠനം നടന്നു കൊണ്ടിരിക്കുകയാണ്. വിവിധ ക്ഷേമനിധി ബോർഡുകൾവഴി നൽകിവരുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നു. ആഭരണ ത്തൊഴിലാളികളുടെ പെൺമക്കളുടെ വിദ്യാഭ്യാസ കാര്യങ്ങളെ സംബന്ധിച്ച് റൂൾസ് തയ്യാറാക്കുന്ന സമയത്ത് ആവശ്യമായ മാറ്റം വരുത്താവുന്നതാണ്. കേന്ദ്രസഹായം ലഭ്യമായാൽ എല്ലാ ക്ഷേമനിധികളും വിജയകരമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയും. അതിന് കേന്ദ്രത്തിൽ ഒരുമിച്ച് സമ്മർദ്ദം ചെലുത്തേണ്ടതുണ്ട്. കേന്ദ്രം നിശ്ചയിക്കുന്ന വിഭാഗം തൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതിക്ക് സാമ്പത്തികസഹായം നൽകുമെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും എന്തുതുക നൽകുമെന്ന് വ്യവസ്ഥ ചെയ്തിട്ടില്ല. 2008-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബിൽ ഏകകണ്ഠമായി പാസ്സാക്കിത്തരണമെന്ന ഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

തൊഴിലും എക്സൈസും വകുപ്പു മന്ത്രി (<u>ശ്രീ. പി.കെ. ഗുരുദാസൻ</u>): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു

(122) (1) ഖണ്ഡം (2) (ഇ)-ൽ " ഭേദഗതി " എന്ന വാക്കിനുപകരം " രൂപ ഭേദം " എന്ന വാക്കു ചേർക്കേണ്ടതാണ്.

(2) ഖണ്ഡം (2) (ഒ)-ൽ " ഭേദഗതി " എന്ന വാക്കിനുപകരം " രൂപഭേദം " എന്ന വാക്കു ചേർക്കേണ്ടതാണ്.

ശ്രീ. സി.ടി. അഹമ്മദ് അലി: 123, 124 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു: 126, 137,156 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ്: 131, 132, 134, 142, 158, എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. വി.ഡി. സതീശൻ: 133, 138, 139 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എം. മുരളി: 135, 160 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ബി. ബാബു പ്രസാദ്: 159 -ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പു മന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ശ്രീ. സി.പി. മുഹമ്മദ് നോട്ടീസ് നൽകിയിരുന്ന ഖണ്ഡം 2 (ഡി)-ൽ 'പിച്ചള' എന്ന വാക്കിനുശേഷം 'ഓട്' എന്ന വാക്കു ചേർക്കുക എന്ന 127-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു

ശ്രീ. കെ. ബാബു അവതരിപ്പിച്ച ഖണ്ഡം 2 (ഡി)- ൽ 'വെള്ളി' എന്ന വാക്കിനുശേഷം 'പ്ലാറ്റിനം' എന്ന വാക്കു ചേർക്കുക എന്ന 126-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മന്ത്രി അവതരിപ്പിച്ച 122, 127 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചു.

ശ്രീ. കെ. ബാബു അവതരിപ്പിച്ച 126-ാം നമ്പർ ഭേദഗതി അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>3-ാം വകുപ്പ്</u>

തൊഴിലും എക്സൈസും വകുപ്പു മന്ത്രി (<u>ശ്രീ. പി. കെ. ഗുരുദാസൻ</u>): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു

(165) ഖണ്ഡം 3, (5)-ാം ഉപഖണ്ഡത്തിന്റെ (എ) ഇനത്തിന്റെ (i)-ാം ഉപഇനത്തിൽ " കുറയാത്ത " എന്ന വാക്കിനുപകരം " കുറയാതെ "എന്ന വാക്ക് ചേർക്കേണ്ടതാണ്.

<u>ശ്രീ. വി.ഡി. സതീശൻ:</u> 166, 178, 190, 204 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: 175, 206 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. ബാബു</u>: 191, 209 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ബി. ബാബു പ്രസാദ്: 192, 203 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എം. മുരളി: 193, 202 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പു മന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മന്ത്രി അവതരിപ്പിച്ച 165-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ എം. മുരളി അവതരിപ്പിച്ച 193, 202 എന്നീ ഭേദഗതികൾ 15-നെതിരെ 29 വോട്ടുകളോടെ സഭ നിരാകരിച്ചു. മറ്റ് ഭേദഗതികളും നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

4-ാം വകുപ്പ്

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(210) ഖണ്ഡം 4 (3)-ാം ഉപഖണ്ഡത്തിൽ "ചട്ടങ്ങളിലോ പദ്ധതിയിലോ" എന്നീ വാക്കുകൾക്കുപകരം "പദ്ധതിയിൽ" എന്ന വാക്ക് ചേർക്കുക.

ശ്രീ. ആര്യാടൻ മുഹമ്മദ്: 211, 212, 213 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: 214-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. വി.ഡി. സതീശൻ: 220-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

ശ്രീ. ആര്യാടൻ മുഹമ്മദ്: 221, 227, 228, 229 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു: 222-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

ശ്രീ. ജോസഫ് എം. പുതുശ്ശേരി: 231-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

7-ഉം 8-ഉം വകുപ്പുകൾ

7-ഉം 8-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7-ഉം 8-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

9-ാം വകുപ്പ്

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: 233-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

10-ാം വകുപ്പ്

ശ്രീ. കെ.സി. ജോസഫ്: 236-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

11-ാം വകുപ്പ്

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

12-ാം വകുപ്പ്

ശ്രീ. എം. എ വാഹീദ്: 243-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

13-ാം വകുപ്പ്

ശ്രീ. ആര്യാടൻ മുഹമ്മദ്: 244-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

14-ാം വകുപ്പ്

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: 245-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ.സി. ജോസഫ്: 248-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

15-ഉം 16-ഉം വകുപ്പുകൾ

15-ഉം 16-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

15-ഉം 16-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

17-ാം വകുപ്പ്

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(249) (1) ഖണ്ഡം 17, (1)-ാം ഉപഖണ്ഡത്തിൽ "പദ്ധതിയുടെ" എന്ന വാക്കിനു പകരം " നിധിയിലെ" എന്ന വാക്ക് ചേർക്കുക.

(2) ഖണ്ഡം 17, (5)-ാം ഉപഖണ്ഡത്തിൽ " നിഷേധിക്കുന്ന വർക്കുള്ള" എന്ന വാക്കിനുപകരം "നിഷേധിക്കപ്പെട്ട വർക്കുള്ള" എന്ന വാക്ക് ചേർക്കുക.

ശ്രീ. എം. എ വാഹീദ്: 250-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. സി.എഫ്. തോമസ്: 252-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതി കൾ സ്വീകാര്യമല്ല.

മന്ത്രി അവതരിപ്പിച്ച 249-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. സി.എഫ്. തോമസ് അവതരിപ്പിച്ച 252-ാം നമ്പർ ഭേദഗതി 15-നെതിരെ 41 വോട്ടുകളോടെ നിരാകരിച്ചു. മറ്റ് ഭേദഗതിയും സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 17-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

18-ാം വകുപ്പ്

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

19-ാം വകുപ്പ്

ശ്രീ. സി.എഫ്. തോമസ്: 255, 256, 258, 259 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ്: 257, 262 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു: 261-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): ശ്രീ. ആര്യാടൻ മുഹമ്മദ് അവതരിപ്പിച്ച 257-ാം നമ്പർ ഭേദഗതി ഖണ്ഡം 19 (3) (i) ന്റെ അവസാനം താഴെപ്പറയും പ്രകാരം ചേർക്കുക "ഇതിൽ രണ്ടുപേർ തൊഴിലാളികളെ പ്രതിനിധീകരിക്കുന്നവരും രണ്ടുപേർ സ്വയം തൊഴിൽ ചെയ്യുന്നവരെ പ്രതിനിധീകരിക്കുന്നവരുമായിരിക്കണം" എന്ന രീതിയിൽ ഭേദഗതി ചെയ്തുകൊണ്ട് അംഗീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. ആര്യാടൻ മുഹമ്മദ് അവതരിപ്പിച്ച 257-ാം നമ്പർ ഭേദഗതി ഭേദഗതിയോടുകൂടി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 19-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 19-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

20-ഉം 21-ഉം വകുപ്പുകൾ

20-ഉം 21-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

20-ഉം 21-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

22-ാം വകുപ്പ്

ശ്രീ. കെ.സി. ജോസഫ്: 263-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

23-മുതൽ 28-വരെയുള്ള വകുപ്പുകൾ

23-മുതൽ 28-വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

23-മുതൽ 28-വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

29-ാം വകുപ്പ്

ശ്രീ. എം. മുരളി: 264-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

29-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

29-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

30-ാം വകുപ്പ്

30-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

30-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

31-ാം വകുപ്പ്

ശ്രീ. വി.ഡി. സതീശൻ: 265-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

31-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

31-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

32-ഉം 33-ഉം വകുപ്പുകൾ

32-ഉം 33-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

32-ഉം 33-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

34-ാം വകുപ്പ്

ശ്രീ. കെ.സി. ജോസഫ്: 266-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

34-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

34-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>35-മുതൽ 39-വരെയുള്ള വകുപ്പുകൾ</u>

35-മുതൽ 39-വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

35-മുതൽ 39-വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

<u>പട്ടിക</u>

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി</u>: 267-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ):</u> ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

<u>1-ാം വകുപ്പും പീഠികയും പേരും.</u>

<u>ശ്രീ. കെ.സി. ജോസഫ്:</u> 101, 106, 116 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്:</u> 102, 105, 113 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീ. വി.ഡി. സതീശൻ:</u> 107-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. എം.എ. വാഹീദ്</u>: 111-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. ബാബു:</u> 114-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. ബി. ബാബുപ്രസാദ്</u>: 118-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(112) പീഠികയിൽ "സ്വർണ്ണം" എന്ന വാക്കിനുശേഷം "പ്ലാറ്റിനം" എന്ന വാക്കുകൂടി ചേർക്കുക.

സ്വർണ്ണം, വെള്ളി, ചെമ്പ്, പിച്ചള, തങ്കം, എന്നീ വാക്കുകൾക്കു പകരം സ്വർണ്ണം, വെള്ളി, പ്ലാറ്റിനം, ചെമ്പ്, പിച്ചള, ഓട്, തങ്കം എന്നീ വാക്കുകൾ ചേർക്കേണ്ടതാണെന്നുള്ളത് ക്രമപ്രകാരം ഈ ഭാഗത്ത് ചേർക്കാവുന്നതാണ്. ആ നിലയിൽ സർവ്വശ്രീ. കെ.സി. ജോസഫ്, ആര്യാടൻ മുഹമ്മദ്, കെ. ബാബു എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ സ്വീകരിക്കുന്നു. മറ്റു ഭേദഗതികൾ സ്വീകാര്യമല്ല. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

112-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും സർവ്വശ്രീ. കെ.സി. ജോസഫ്, ആര്യാടൻ മുഹമ്മദ്, കെ. ബാബു, എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

ഭേദഗതിചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു..

ഭേദഗതിചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): 2008-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യവകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): പ്രമേയത്തെ പിന്താങ്ങുന്നു.

2008-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബിൽ പാസ്സാക്കണെമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ ഐകകണ്ഠ്യേന പാസ്സാക്കി.

## 2009-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ മുതൽ 13-ാം നമ്പർ വരെ) ബില്ലുകളുടെ അവതരണവും അനന്തര ഘട്ടങ്ങളും

ധനകാര്യവകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): 2009-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ മുതൽ 13-ാം നമ്പർ വരെ) ബില്ലുകൾ അവതരിപ്പിക്കുന്നു.

ബില്ലുകൾ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യവകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): 2009-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ മുതൽ 13-ാം നമ്പർ വരെ) ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

**ക്രമപ്രശ്നം**

## ടോക്കൺ പ്രൊവിഷൻ പ്രൊവൈഡ് ചെയ്തിരിക്കുന്നത് സംബന്ധിച്ച്

ശ്രീ. ആര്യാടൻ മുഹമ്മദ്: ഇവിടെ കൊണ്ടുവന്നിട്ടുള്ള സപ്ലിമെന്ററി ഗ്രാന്റ്സിൽ പലതിനും ടോക്കൺ പ്രൊവിഷനാണ് വച്ചിട്ടുള്ളത്. ടോക്കൺ പ്രൊവിഷൻ കൊണ്ടുവരുന്നത് ന്യൂ സർവ്വീസ് പ്രൊസീഡുവറിന് വേണ്ടിയാണ്. സപ്ലിമെന്ററി ഗ്രാന്റിൽ ഓരോ വകുപ്പിനും ആവശ്യമായ തുക വകയിരുത്തിയാൽ മാത്രമേ വർക്കുകളൊക്കെ സമയബന്ധിതമായി

പൂർത്തിയാക്കാൻ കഴിയൂ. ഇവിടെ റീ-അപ്രോപ്രിയേഷന് പണമില്ലാത്തതു കൊണ്ട് സപ്ലിമെന്ററിക്ക് വേണ്ടി ടോക്കൺ പ്രൊവിഷൻ കൊണ്ടുവരികയാണ്. 2000 കോടി രൂപയ്ക്ക് എ.എസ്. കൊടുത്തുകഴിഞ്ഞു. ആ 2000 കോടി രൂപ ചെലവാക്കണമെങ്കിൽ ഇനി വേറെ സപ്ലിമെന്ററി ഗ്രാന്റ് കൊണ്ടുവരണം; അഡീഷണൽ ആതറൈസേഷൻ കൊടുത്താൽ പോര ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള തുകകൊണ്ട് ഇവിടെ പറഞ്ഞ പദ്ധതികളൊന്നും നടത്താൻ സാധിക്കില്ല. അതുകൊണ്ട് അതിനെല്ലാം സപ്ലിമന്ററി ഗ്രാന്റ്സിൽ പണം വകയിരുത്തണം. ഇതിനുവേണ്ടി വീണ്ടും സപ്ലിമെന്ററി ഗ്രാന്റ് കൊണ്ടുവരുമെന്ന് പറയുന്നത് ശരിയല്ല.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റ്സ് എന്നുപറഞ്ഞാൽ അഡീഷണൽ ആതറൈസേഷൻ കൊടുത്തത് റെഗുലറൈസ് ചെയ്യുക എന്നുള്ളതാണ്. ചെലവ് വർദ്ധിക്കുന്നതിനുമുമ്പ് സപ്ലിമെന്ററി ഗ്രാന്റ് വാങ്ങിക്കണം. ഇപ്പോൾ എ.എസ്. കൊടുക്കുകയാണ്. അഡീഷണൽ ആതറൈസേഷൻ 20 ശതമാനം കൊടുക്കും.കൂടുതൽ വേണ്ടിവരുമ്പോൾ സപ്ലിമെന്ററി ഗ്രാന്റ്സ് കൊണ്ടുവരും.

മി. സ്പീക്കർ : ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

പ്രൊഫ. എൻ. ജയരാജ്: ധനവിനിയോഗ ബില്ലുകളെ എതിർക്കുന്നു. അനുവദിക്കപ്പെട്ട പല പദ്ധതികൾക്കും കൃത്യമായി പണം ചെലവഴിച്ചിട്ടില്ല എന്നുള്ളത് സി.എ.ജി. റിപ്പോർട്ടിൽപോലും വ്യക്തമാക്കുന്നുണ്ട്. പദ്ധതികൾ നടപ്പാക്കാൻ സർക്കാർ മുന്നോട്ടുവന്നാലും ഉദ്യോഗസ്ഥ വിഭാഗത്തിന്റെ ഭാഗത്തുനിന്ന് പലവിധ തടസ്സങ്ങളാണ് ഉണ്ടാകുന്നത്. വിഷൻ 2010-ന്റെ ഭാഗമായി വാഴൂർ മണ്ഡലത്തിലെ ഗവൺമെന്റ് ഹയർ

സെക്കൻഡറി സ്കൂളിൽ 50 ലക്ഷം രൂപയുടെ ജൂബിലി മന്ദിരം പണിയാനുള്ള അനുവാദം ലഭിച്ചുവെങ്കിലും ഭരണാനുമതി ഇതുവരെ ലഭിച്ചിട്ടില്ല. വർക്കുകൾ സമയബന്ധിതമായി ചെയ്യാൻ ആവശ്യമായ സ്റ്റാഫില്ലാത്ത അവസ്ഥയാണ്. താലൂക്ക് ഓഫീസുകളിലേയ്ക്ക് വാങ്ങിയ കമ്പ്യൂട്ടറുകൾ മൂന്നുവർഷമായിട്ടും ഉപയോഗിക്കാൻ സാധിക്കാത്ത അവസ്ഥ യാണ്. സംസ്ഥാനത്ത് റീ-സർവ്വേ നടപടികൾ പൂർത്തിയാക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം. വാർഷിക പദ്ധതിയുടെ 75 ശതമാനത്തോളം ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. പദ്ധതികൾ സമയബന്ധിത മായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. വി. ചെന്താമരാക്ഷൻ</u>: ധനവിനിയോഗ ബില്ലുകളെ അനുകൂലിക്കുന്നു. കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ വലിയ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ധനസ്ഥിതി മെച്ചപ്പെട്ടു. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കേരളത്തിന്റെ റവന്യൂ കമ്മി 2.52 ശതമാനമായിരുന്നത് ഇപ്പോൾ 2.04 ശതമാന മായി കുറഞ്ഞു. ധനകാര്യ മാനേജ്മെന്റ് വളരെ ശാസ്ത്രീയമായി കൈകാര്യം ചെയ്തതിന്റെ ഫലമായി സാമ്പത്തിക ഭദ്രത കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നികുതി വരുമാനം വർദ്ധിപ്പിക്കാൻ സാധിച്ചു. വായ്പ തുകകൾ പൂർണ്ണമായും സംസ്ഥാന വികസനത്തിന് തന്നെ ഉപയോഗി ക്കാൻ ഇപ്പോൾ കഴിയുന്നുണ്ട്. കടബാദ്ധ്യത രൂക്ഷമായിരുന്ന അവസ്ഥയി ലാണ് ഈ സർക്കാർ അധികാരത്തിൽ വന്നതെങ്കിലും ഇപ്പോൾ വായ്പയും പലിശനിരക്കും ഗണ്യമായി കുറച്ചിട്ടുണ്ട്. റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്ന തിനാവശ്യമായ ശക്തമായ നിലപാട് സ്വീകരിച്ചു. ക്ഷേമപെൻഷനുകൾ 250 രൂപയാക്കി വർദ്ധിപ്പിക്കുന്നതിനും കുടിശ്ശിക മുഴുവൻ കൊടുത്തുതീർക്കു

ന്നതിനും സാധിച്ചിട്ടുണ്ട്. കാർഷികമേഖലയിൽ നെല്ല് സംഭരണത്തിനായി കോടിക്കണക്കിന് രൂപ നീക്കിവച്ചു. കെ.എസ്.ആർ.ടി.സി. ഉൾപ്പെടെയുള്ള പൊതുമേഖലാസ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനും ആഗോള സാമ്പത്തിക മാന്ദ്യത്തെ മറികടക്കുന്നതിനും ശക്തമായ നിലപാടാണ് എൽ.ഡി.എഫ്. സർക്കാർ കൈക്കൊണ്ടിട്ടുള്ളത്. പതിനായിരം കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ ഈ വർഷംതന്നെ നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. നികുതി വകുപ്പ്, ഭാഗ്യക്കുറി വകുപ്പ്, കെ.എസ്.എഫ്.ഇ., കെ.എഫ്.സി എന്നിവയുടെ പ്രവർത്തനങ്ങൾ ഫലപ്രദമായി മുന്നോട്ട് പോകാൻ കഴിഞ്ഞു. സോഷ്യൽ ആഡിറ്റും പൗരാവകാശ രേഖയും പ്രഖ്യാപിച്ച് ട്രഷറികളിൽ മാതൃകാപരമായ പ്രവർത്തനമാണ് നടത്തുന്നത്. സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ 2008-09 സാമ്പത്തിക വർഷം 484.5 കോടി രൂപയുടെ വിറ്റുവരവുണ്ടാക്കാൻ സാധിച്ചു. എൻട്രി ഫെസിലിറ്റേഷൻ സെന്റർ തുടങ്ങിയ ശാസ്ത്രീയ രീതികൾ ചെക്കുപോസ്റ്റുകളെ അഴിമതിരഹിതമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ആഗോളീകരണത്തിന്റെ ഭാഗമായി ജനങ്ങളുടെ പങ്കാളിത്തത്തോടെയുള്ള സ്വകാര്യവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ നടപടികളാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. ആഗോളാടിസ്ഥാനത്തിലുള്ള വിലനിലവാരത്തിനനുസരിച്ച് പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില സ്വതന്ത്രമായി പെട്രോളിയം കമ്പനികൾക്ക് തന്നെ തീരുമാനിക്കാമെന്ന വിധത്തിലുള്ള സമീപനം കേന്ദ്രം സ്വീകരിച്ചിരിക്കുന്നതിന്റെ ഭാഗമായി എല്ലാ ഉൽപ്പന്നങ്ങൾക്കും വിലവർദ്ധനവ് ഉണ്ടാകാൻ പോവുകയാണ്. റവന്യൂ കമ്മിയും ധനകമ്മിയും കുറച്ചുകൊണ്ടു വരാനുള്ള നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത്

മാതൃകാപരമായി ഐക്യകേരളത്തിന്റെ പുരോഗതിക്കാവശ്യമായ പ്രവർത്തനങ്ങളാണ് ഈ സർക്കാർ നടപ്പിലാക്കിക്കൊണ്ടിരി ക്കുന്നത്.

ശ്രീ. എം. ഉമ്മർ: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. പാസ്സാക്കി കൊടുക്കുന്ന പണംപോലും ചെലവഴിക്കാൻ ഈ സർക്കാരിന് സാധിക്കുന്നില്ല. ഗവൺമെന്റ് സ്ക്കൂളുകളിൽ നിന്നും ഒന്നര ലക്ഷത്തോളം കുട്ടികളാണ് കൊഴിഞ്ഞുപൊയ്ക്കൊണ്ടിരിക്കുന്നത്. അദ്ധ്യാപകരില്ലാത്ത വിദ്യാലയങ്ങൾ ധാരാളമുണ്ട്. മലപ്പുറം ജില്ലയിൽ നിലവിലുള്ള ആയിരത്തോളം അദ്ധ്യാപക ഒഴിവുകൾ നികത്താനുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന എസ്.എസ്.എ ഫണ്ട് പോലും ലാപ്സാക്കിയിരിക്കുകയാണ്. സർക്കാർ ആശുപത്രികളുടെ സ്ഥിതി പരമദയനീയമാണ്. സാധാരണ ജനങ്ങളോട് പ്രതിബദ്ധതയില്ലാത്ത സർക്കാരാണിത്.

ശ്രീ. കെ. രാജു: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. രാജ്യത്തിന്റെ മർമ്മപ്രധാന മേഖലയായ ആയുധ സംഭരണശാലകൾ പരിശോധിക്കാൻ ഒരു സാമ്രാജ്യത്വ രാജ്യത്തിന് അനുവാദം കൊടുക്കുന്ന കരാറിൽ കേന്ദ്ര ഗവൺമെന്റ് ഒപ്പിട്ടിരിക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം വിറ്റുതുലയ്ക്കുന്ന സമീപനമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്താനുള്ള നയപരിപാടികളുമായാണ് സംസ്ഥാന സർക്കാർ മുന്നോട്ടുപോകുന്നത്. കേരളത്തിൽ 153 ഗ്രാമീണ കോടതികൾ സ്ഥാപിക്കുമെന്ന് ഹൈക്കോടതി ചീഫ് ജസ്റ്റീസ് പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ അതിനാവശ്യമായ ഫണ്ട് കണ്ടെത്താൻ നടപടി സ്വീകരിക്കണം. കുടുംബ കോടതികളുടെയും മറ്റ് അനുബന്ധ കോടതികളുടെയും എണ്ണം വർദ്ധിപ്പിച്ച് കേസ്സുകൾ

വേഗത്തിൽ തീർപ്പാക്കണം. സെക്രട്ടേറിയറ്റിലെ സെക്രട്ടറി തലത്തിലുള്ള തസ്തികകളുടെ എണ്ണം കുറയ്ക്കാൻ നടപടി സ്വീകരിക്കണം. കോഴിക്കോട് നടപ്പിലാക്കാനുദ്ദേശിക്കുന്ന ഹങ്കർ ഫ്രീ സിറ്റി പദ്ധതി വിജയിച്ചാൽ കൊച്ചിയിലും തിരുവനന്തപുരത്തും ആ സ്കീം വ്യാപിപ്പിക്കണം.

<u>ശ്രീ. തോമസ് ചാണ്ടി:</u> കേരളത്തിൽ ജീവിതച്ചെലവ് കൂടിയിരിക്കുന്ന സാഹചര്യത്തിൽ സാമാജികരുടെ ശമ്പളവും ബത്തകളും വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് പഠിക്കുന്നതിന് ഒരു കമ്മീഷനെ നിയോഗിക്കണം. മറ്റ് സംസ്ഥാനങ്ങളിലെ സാമാജികർക്ക് ശമ്പളവും അലവൻസുകളും വർദ്ധിപ്പിച്ച അതേ നിരക്കിൽ ഇവിടേയും വർദ്ധിപ്പിക്കണം. സാമാജികർക്ക് അനുവദിക്കുന്ന പ്രാദേശിക വികസന ഫണ്ടും വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. ജോസ് തെറ്റയിൽ</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുകയാണ്. ഫലപ്രദമായ ഫിസ്ക്കൽ മാനേജ്മെന്റിലൂടെ കഴിഞ്ഞ സാമ്പത്തിക വർഷം വിവിധ വകുപ്പുകളിലൂടെ 81 ശതമാനം തുക ചെലവഴിക്കാനും കറപ്ഷനും ക്രൈമും കുറയ്ക്കാനും സാധിച്ചത് സർക്കാരിന്റെ നേട്ടങ്ങളാണ്. ആഗോള സാമ്പത്തിക മാന്ദ്യം മറികടക്കാൻ കേന്ദ്ര ഗവൺമെന്റ് രണ്ടുപ്രാവശ്യം നികുതിയിളവ് പ്രഖ്യാപിച്ചെങ്കിലും ഉൽപ്പന്നങ്ങളുടെ വില കുറഞ്ഞില്ല. കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാന ഗവൺമെന്റ് നടപ്പാക്കുന്നില്ലെന്നുള്ള ആക്ഷേപം ശരിയല്ല. കേന്ദ്രാവിഷ്കൃത പദ്ധതികളേയും സംസ്ഥാനാവിഷ്കൃത പദ്ധതികളേയും സംബന്ധിച്ച് ഒരു വ്യക്തതയുണ്ടാക്കണം. കേരളത്തിന്റെ ധനക്കമ്മി 2.3 ശതമാനമാണ്. കേന്ദ്രവും സംസ്ഥാനവും തമ്മിൽ ഒരു ഡിസ്പാരിറ്റി നിലനിൽക്കുകയാണ്. എക്സൈസ് ഡ്യൂട്ടി, സർവ്വീസ് ടാക്സ് ഇനങ്ങളിൽ

കേന്ദ്രത്തിന് നൽകുന്ന തുകയുടെ അടിസ്ഥാനത്തിൽ ലഭിക്കേണ്ട വിഹിതം കേരളത്തിന് കിട്ടുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ട്രഷറി നിയന്ത്രണം ഉണ്ടായിട്ടില്ല.

ശ്രീ. അൽഫോൺസ് കണ്ണന്താനം: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. എം.എൽ.എ. ഫണ്ട് റിവൈസ് ചെയ്യണം. ആരോഗ്യ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ വരുത്തണം. വികസന പ്രവർത്തനങ്ങൾ നടപ്പാക്കണം. പുതിയ പദ്ധതികൾ നടപ്പാക്കുന്നതോടൊപ്പം തന്നെ നിലവിലുള്ളവയെ നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകുകയും വേണം വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങൾ സഭയിൽ പ്രത്യേകമായി ചർച്ച ചെയ്യണം. .

ശ്രീ. ആനത്തലവട്ടം ആനന്ദൻ: ധനവിനിയോഗബില്ലിനെ അനുകൂലിക്കുന്നു. വ്യവസായ സ്ഥാപനങ്ങൾക്ക് ഏറ്റവും കുറഞ്ഞ പലിശ നിരക്കിൽ കൂടുതൽ തുക ലോണായി നൽകുന്ന ഒരു സ്ഥാപനമാക്കി കെ.എഫ്.സി.യെ മാറ്റിയെടുക്കാൻ ഈ ഗവണ്മെന്റിന് കഴിഞ്ഞു. ഏതാണ്ട് 105 കോടി രൂപയുടെ അക്യുമുലേറ്റഡ് ലോസ്സുണ്ടായിരുന്ന കെ.എഫ്.സി-യെ 11.75 കോടി രൂപയുടെ ലാഭത്തിലാക്കി മാറ്റി. പെട്രോളിന്റേയും ഡീസലിന്റേയും വില വർദ്ധിപ്പിച്ച് ജനദ്രോഹ നടപടികളുമായിട്ടാണ് കേന്ദ്രസർക്കാർ മുന്നോട്ടുപോകുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളേയും നാഷണലൈസ്ഡ് ബാങ്കുകളേയും സ്വകാര്യ മുതലാളിമാർക്ക് വില്ക്കുന്നതിനുള്ള നയമാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്.

ശ്രീ. ആര്യാടൻ മുഹമ്മദ് : ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. 1985-86 മുതൽ 2003-04 വരെയുള്ള അപ്രോപ്രിയേഷൻ ബില്ലുകളാണ് ഇന്ന്

സഭയിൽ അവതരിപ്പിച്ചിട്ടുള്ളത്. എക്സസ്സ് എക്സ്പെൻറീച്ചർ റെഗുലറൈസ് ചെയ്യുന്നതിന് ഇത്രയധികം കാലതാമസം വരുന്നതിനെക്കുറിച്ച് ആലോചിക്കണം. സഭയിൽ സി.ആന്റ് എ.ജി.യുടെ ആഡിറ്റ് റിപ്പോർട്ട് ലേ ചെയ്തുകഴിഞ്ഞാൽ രണ്ട് മാസത്തിനുള്ളിൽ ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റുകൾ ആർ.എം.ടി. സ്റ്റേറ്റ്മെന്റ് തരണമെന്നാണ് നിലവിലുള്ള വ്യവസ്ഥ. എന്നാൽ ആർ.എം.ടി. സ്റ്റേറ്റ്മെന്റ് തരുന്നതിന് അഞ്ചും ആറും വർഷത്തെ കാലതാമസമാണ് ഇപ്പോൾ വരുത്തുന്നത്. പബ്ളിക് അക്കൗണ്ട്സ് കമ്മിറ്റി റിപ്പോർട്ട് അസംബ്ലിയിൽ സമർപ്പിച്ചുകഴിഞ്ഞശേഷം ആക്ഷൻ ടേക്കൺ സ്റ്റേറ്റുമെന്റ് തരുന്നതിനും വർഷങ്ങളുടെ കാലതാമസം വരുത്തുന്നു. ഡിപ്പാർട്ട്മെന്റുകൾ കാണിക്കുന്ന ഈ അനാസ്ഥ അവസാനിപ്പിക്കണം. ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരിൽ പ്രിവിലേജ് മൂവ് ചെയ്യാൻ സാധിക്കണം. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി ഭദ്രമാണെന്നും ജി.ഡി.പി.യുമായി താരതമ്യപ്പെടുത്തുമ്പോൾ റവന്യൂ കമ്മി കുറയുകയാണെന്നും ഓവർ ഡ്രാഫ്റ്റ് എടുത്തിട്ടില്ലെന്നും ഈ സർക്കാർ പറയുമ്പോൾ കാലാകാലങ്ങളിൽ അപ്രോപ്രിയേഷൻ ബില്ലിലൂടെ പാസ്സാക്കികൊടുക്കുന്ന തുക ചെലവഴിച്ചിട്ടില്ലെന്ന കാര്യം വിസ്മരിക്കരുത്. ബഡ്ജറ്റിൽ അനുവദിക്കുന്ന തുക മിച്ചംവച്ചുകൊണ്ട കേന്ദ്ര ഗവൺമെന്റിനെ കുറ്റപ്പെടുത്തുന്ന സമീപനമാണ് ഈ ഗവൺമെന്റ് എല്ലായ്പ്പോഴും സ്വീകരിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് ഓഫ് ടേക്ക് അടിസ്ഥാനത്തിലാണ് അരിയുടേയും ഗോതമ്പിന്റേയും അലോട്ട്മെന്റ് നടത്തുന്നത്. 2006-07 കാലഘട്ടത്തിൽ അനുവദിച്ച അരി മുഴുവൻ എടുക്കാൻ സംസ്ഥാന സർക്കാരിന് സാധിക്കാത്തതുകൊണ്ടാണ് അടുത്ത വർഷത്തെ അരിവിഹിതത്തിൽ വെട്ടിക്കുറവ് വരുത്തിയത്. കേന്ദ്രം അനുവദിക്കുന്ന

ഭക്ഷ്യധാന്യവിഹിതം ഉപയോഗപ്പെടുത്താൻ കഴിയാത്ത ഭരണകൂടമാണ് സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ളത്. സാമ്പത്തിക മാന്ദ്യത്തെ നേരിടാൻ ഈ ബഡ്ജറ്റിൽ നിർദ്ദേശങ്ങളൊന്നുമില്ല. കെയിൻസ് തിയറി അനുസരിച്ച് തൊഴിലാളിക്ക് പണം കൊടുത്ത് പർച്ചേസിംഗ് കപ്പാസിറ്റി വർദ്ധിപ്പിച്ചാൽ കമ്പോളത്തിൽ പോയി ഉപഭോക്തൃസാധനങ്ങൾ വാങ്ങുകയും ഡിമാന്റ്-സപ്ലൈ തിയറി അനുസരിച്ച് മൂലധന നിക്ഷേപം ഉണ്ടാകുകയും ചെയ്യും. എന്നാൽ നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം കെയിൻസ് തിയറി പൂർണ്ണമായി പ്രാവർത്തികമാക്കാൻ കഴിയുകയില്ല. ഈ സംസ്ഥാനത്ത് തൊഴിലെടുക്കുന്നവരിൽ മിക്കവരും ബംഗാളിൽനിന്നും രാജസ്ഥാനിൽനിന്നും വന്ന തൊഴിലാളികളായതുകൊണ്ടുതന്നെ പണം മുഴുവൻ പോകുന്നത് അന്യസംസ്ഥാനങ്ങളിലേയ്ക്കാണ്. റീ-പ്രൊഡക്ടീവ് സെക്ടറിൽ പണം മുടക്കാൻ കഴിയുമോയെന്ന് നാം ആലോചിക്കണം. ബാങ്കുകളിലുള്ള നിക്ഷേപം ഉപയോഗപ്പെടുത്തി സംസ്ഥാനത്ത് മുതൽമുടക്കിനുള്ള അവസരം ഉണ്ടാക്കണം. കോടിക്കണക്കിന് വരുന്ന എൻ.ആർ.ഐ. നിക്ഷേപം സംസ്ഥാനത്ത് മുടക്കാൻ പ്രേരകമാകുംവിധത്തിൽ അവർക്ക് ഇൻസെന്റീവ് കൊടുക്കാൻ തയ്യാറാകണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ.തോമസ് ഐസക്ക്): അധികാര വികേന്ദ്രീകരണത്തിന്റെ അടിസ്ഥാനത്തിൽ നീതിന്യായ വ്യവസ്ഥ താഴെ ത്തട്ടിൽ എത്തിക്കുന്നതിന്റെ ഭാഗമായാണ് കെട്ടിക്കിടക്കുന്ന കേസ്സുകൾ തീർക്കാൻ ആർബിട്രേഷൻ സിസ്റ്റം ബ്ളോക്ക് അടിസ്ഥാനത്തിൽ കൊണ്ടു വരാൻ തീരുമാനിച്ചത്. കേന്ദ്ര സർക്കാർ ഇതിന് വരുന്ന ചെലവിനെ സംബന്ധിച്ച് വ്യക്തത വരുത്തിയതിനുശേഷം മാത്രമേ സംസ്ഥാന

ഗവൺമെന്റ് അതിലേയ്ക്കുള്ള പ്രഖ്യാപനം നടത്തുകയുള്ളൂ. ഈ സർക്കാരിന്റെ സാമ്പത്തിക നയം അനുസരിച്ച് വരുമാനം വർദ്ധിക്കുന്ന മുറയ്ക്ക് മാത്രമേ റവന്യൂ ചെലവ് വർദ്ധിപ്പിക്കാൻ സാധിക്കൂ. അതോടൊപ്പം എല്ലാ കാര്യങ്ങൾക്കും മുൻഗണന നിശ്ചയിക്കുന്നതാണ്. ഏത് സർക്കാരായാലും സാമ്പത്തിക നിയന്ത്രണത്തിന്റെ കാര്യത്തിൽ വ്യക്തമായ നിയമത്തിനുള്ളിൽ നിന്നുകൊണ്ട് മാത്രമേ പ്രവർത്തിക്കാൻ സാധിക്കൂ. ചില സ്ഥലങ്ങളിൽ നിയന്ത്രണവും ചില സ്ഥലങ്ങളിൽ ഉദാരമായ നയങ്ങളും സ്വീകരിക്കേണ്ടതായി വരും. ഇത്തരം കാര്യങ്ങളിൽ ഏകപക്ഷീയമായ തീരുമാനങ്ങളുമായി മുന്നോട്ട് പോയാൽ അത് വലിയ പ്രയാസം സൃഷ്ടിക്കും. 2004-05, 2005-06 എന്നീ സാമ്പത്തിക വർഷങ്ങളിൽ കെ.എഫ്.സി. 120 കോടിയോളം രൂപയാണ് വായ്പ സാങ്ഷൻ ചെയ്തതെങ്കിൽ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ അത് 800 കോടി രൂപയാക്കി. അടുത്ത വർഷം അത് 1500 കോടി രൂപയായി ഉയർത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. 22 ശതമാനം പലിശയെന്നുള്ളത് 11 ശതമാനമായി കുറയ്ക്കാൻ കഴിഞ്ഞു. അത് 9 ശതമാനമായി കുറയ്ക്കാൻ നടപടി സ്വീകരിക്കും. വ്യവസായങ്ങളെ സഹായിക്കാനായി കെ.എഫ്.സി. കുറഞ്ഞ പലിശയിൽ ഉദാരമായി വായ്പ കൊടുക്കാനുള്ള സാഹചര്യം ഉണ്ടാക്കണം. വായ്പ നൽകാൻ പണമില്ലാത്തതിനാൽ കെ.എഫ്.സി.ക്ക് കമ്പോളത്തിൽ നിന്ന് വായ്പ എടുക്കേണ്ടി വരും. ഈ കമ്പനിയുടെ 56 ശതമാനം നോൺ പെർഫോർമിംഗ് അസറ്റ് ആണ്. ഇത് 10 ശതമാനത്തിൽ താഴെ ആണെങ്കിൽ മാത്രമേ വാണിജ്യ അടിസ്ഥാനത്തിൽ വായ്പ എടുക്കാൻ റിസർവ്വ് ബാങ്ക് അനുവദിക്കുകയുള്ളൂ. മൂന്നുവർഷം മുമ്പ് നിലവിൽ വന്നു. ഡയറക്ടർ ബോർഡ് ഇതുവരെ ഉണ്ടായിരുന്ന റിക്കവറി പണം ഒ.ടി.എസ്. ആയി തിരിച്ച്

പിടിക്കുന്നതിനു പകരം നോൺ പെർഫോർമിംഗ് അസറ്റ്സ് മാനേജ്മെൻറ് പോളിസി ഉണ്ടാക്കി. അതിന്റെ ലക്ഷ്യം നോൺ പെർഫോമിംഗ് അസറ്റ്സ് പത്ത് ശതമാനത്തിൽ താഴേയ്ക്ക് ആക്കുക എന്നതാണ്. കെ.എഫ്.സി. കൊടുത്ത വായ്പകൾ തിരിച്ചടയ്ക്കാത്ത നിരവധി കേസ്സുകളുണ്ട്. ഇപ്പോൾ 1081 ഒ.റ്റി.എസ്. കേസ്സുകൾ സെറ്റിൽ ചെയ്തതുവഴി 166 കോടി രൂപ സമാഹ രിച്ചു. ഈ രീതിയിലുള്ള കേസ്സുകളുടെ എണ്ണം ഇപ്പോൾ താരതമ്യേന കുറഞ്ഞിട്ടുണ്ട്. ഒരു വായ്പയുടെ ശരാശരി കാലയളവ് പത്ത് വർഷമാണ്. നിലവിലുള്ള നോംസിന്റെ അടിസ്ഥാനത്തിൽ മാത്രമേ സെറ്റിൽമെന്റ് കേസു കൾ കൈകാര്യം ചെയ്തിട്ടുള്ളൂ. നോംസിൽ നിന്നും എന്തെങ്കിലും വ്യതിയാനം വേണമെങ്കിൽ അത് ഡയറക്ടർ ബോർഡ് അംഗീകരിക്കണം. ഇപ്പോൾ വാണിജ്യാടിസ്ഥാനത്തിൽ വായ്പ എടുക്കാൻ ബുദ്ധിമുട്ടാണ്. നോൺ പെർഫോമിംഗ് ഡി-3 കേസ്സുകൾ മാത്രമാണ് സെറ്റിൽ ചെയ്യുന്നത്. ധനവിനിയോഗ ബില്ലുകൾ പാസ്സാക്കിത്തരണം.

2009-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി

ധനകാര്യ വകുപ്പുമന്ത്രി (ഡോ : തോമസ് ഐസക്) : 2009-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : പ്രമേയത്തെ പിന്താങ്ങുന്നു.

2009-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം 24-നെതിരെ 65 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

2009-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ മുതൽ 13-ാം നമ്പർ വരെ) ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ പരിഗണനയ്ക്കെടുത്തു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : 2009-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ മുതൽ 13-ാം നമ്പർ വരെ) ബില്ലുകൾ പാസ്സാക്കിത്തരണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : പ്രമേയത്തെ പിന്താങ്ങുന്നു.

2009-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ മുതൽ 13-ാം നമ്പർ വരെ) ബില്ലുകൾ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ സഭ പാസ്സാക്കി.

സഭ വൈകുന്നേരം 4.30-ന് പിരിഞ്ഞു.